# CHURCH OF SOUTH INDIA

## CSI PARISH, DUBAI

# നോമ്പ് ആരാധന ക്രമം

(ചാമ്പൽ ബുധൻ മുതൽ ഉയിർപ്പുവരെ)

# ഉള്ളടക്കം


| | പേജ് |
|---|---|
| 1 നോമ്പുദിവസങ്ങളിലെ ആരാധന | 3 |
| 2. ഹോശാനാ ഞായർ | 12 |
| 3. പെസഹാവ്യാഴം | 20 |
| 4. വലിയവെള്ളിയാഴ്ച | 28 |
| 5. ഉയിർപ്പുഞായർ | 47 |
| 6. അനുബന്ധം | 56 |
| 7. അപ്പൊസ്തല വിശ്വാസപ്രമാണം | 59 |
| 8. നിഖ്യാവിശ്വാസപ്രമാണം | 60 |

# നോമ്പുദിവസങ്ങളിലെ ആരാധന

*ചാമ്പൽ ബുധൻ മുതൽ ഉയിർപ്പുവരെ ഞായറാഴ്ച ഒഴികെയുള്ള നാൽപ്പതു ദിവസങ്ങൾ നോമ്പു ദിവസങ്ങളായി കണക്കാക്കുന്നു.*

**പ്രാർത്ഥന**

**പാട്ട്**

**ഒരുക്ക വാക്യങ്ങൾ** *(എല്ലാവരും എഴുന്നേറ്റു നിൽക്കണം.)*

ആകാശമേ, കേൾക്ക; ഭൂമിയേ ചെവി തരിക; ഞാൻ മക്കളെ പോറ്റിവളർത്തി; അവരോ എന്നോടു മത്സരിച്ചിരിക്കുന്നു.

(യെശ. 1:2)

നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ; നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിന്മുമ്പിൽനിന്നു നീക്കിക്കളവിൻ; തിന്മ ചെയ്യുന്നതു മതിയാക്കുവിൻ. നന്മ ചെയ്യുവാൻ പഠിപ്പിൻ; ന്യായം അന്വേഷിപ്പിൻ; പീഡിപ്പിക്കുന്നവനെ നേർവഴിക്ക് ആക്കുവിൻ; വിധവയ്ക്കുവേണ്ടി വ്യവഹരിപ്പിൻ.

(യെശ. 1:16)

### നമുക്ക് പ്രാർത്ഥിക്കാം

സകല സൃഷ്ടിയെയും വീണ്ടെടുക്കുവാൻ സ്വന്തപുത്രനെ ഞങ്ങൾക്കുവേണ്ടി നൽകിയ സ്വർഗസ്ഥ പിതാവേ, നിന്റെ



ദിവ്യകൃപയ്ക്കുവേണ്ടി അപേക്ഷിച്ചുകൊണ്ട് അടിയങ്ങൾ തിരുസവിധേ അണയുന്നു. നിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരെങ്കിലും, ഞങ്ങളുടെ അന്ധതയാൽ നിന്നിൽ നിന്നും അകന്നുപോയ ഞങ്ങളോടു കരുണയുണ്ടാകണമേ. കാൽവറിക്രൂശിലെ പരമയാഗത്തിലൂടെ രക്ഷയും വീണ്ടെടുപ്പും വാഗ്ദത്തം ചെയ്ത കർത്താവേ, ഞങ്ങളെ രൂപാന്തരപ്പെടുത്തേണമേ. ഞങ്ങൾക്കുവേണ്ടി ജീവൻ നൽകിയ യേശുവിന്റെ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

### സ്തുതി ലിത്താനി

*(ഓരോ അപേക്ഷയ്ക്കും ശേഷം **"ഞങ്ങൾ നിന്നെ സ്തുതിക്കുന്നു"** എന്നു പ്രതിവാക്യം പറയണം.)*

***ശുശ്രൂഷകൻ:*** മുഴുപ്രപഞ്ചത്തിന്റെയും സ്രഷ്ടാവും പരിപാലകനുമായ പിതാവാം ദൈവമേ...

*ജനങ്ങൾ:* **ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.**

***ശുശ്രൂഷകൻ:*** നിത്യമായി സ്നേഹിക്കുകയും ദീർഘമായി ക്ഷമിക്കുകയും ചെയ്യുന്ന കരുണാസമ്പന്നനായ ദൈവമേ...

*ജനങ്ങൾ:* **ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.**

***ശുശ്രൂഷകൻ:*** സർവ്വസൃഷ്ടിക്കുംവേണ്ടി കാൽവറി ക്രൂശിൽ മരണത്തോളം, അനുസരണമുള്ളവനായിത്തീർന്ന വീണ്ടെടുപ്പുകാരനായ കർത്താവേ...

*ജനങ്ങൾ:* **ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.**

***ശുശ്രൂഷകൻ:*** സർവ്വസൃഷ്ടിയെയും രൂപാന്തരത്തിലേക്കും പുതുക്കത്തിലേക്കും നയിക്കുന്ന, നിത്യജീവന്റെ ഉറവയാകുന്ന കർത്താവേ...

*ജനങ്ങൾ:* **ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.**

*ശുശ്രൂഷകൻ:* പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും, ബോധം നൽകുന്ന പരിശുദ്ധാത്മാവാം ദൈവമേ,

*ജനങ്ങൾ:* **ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.**

*ശുശ്രൂഷകൻ:* പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന ത്രിയേക ദൈവമേ,

*ജനങ്ങൾ:* **നിനക്കു സ്തുതിയും മഹത്വവും പുകഴ്ചയും ഇപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമേൻ.**

*(ഓരോ അപേക്ഷയ്ക്കും ശേഷം "ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു" എന്നു പ്രതിവാക്യം പറയണം.)*

*ശുശ്രൂഷകൻ:* മാനവരാശിയെ വീണ്ടെടുക്കുവാൻ ഏകജാതനായ പുത്രനെ നൽകി ലോകത്തോടുള്ള സ്നേഹം പ്രദർശിപ്പിച്ച പിതാവാം ദൈവമേ...

*ജനങ്ങൾ:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

*ശുശ്രൂഷകൻ:* ആദിയിൽ ഏദനിൽ അറ്റുപോയ, സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധത്തിന്റെ കണ്ണികൾ വിളക്കിച്ചേർക്കുവാൻ, തിരുഅവതാരം ചെയ്ത പുത്രനാം ദൈവമേ...

*ജനങ്ങൾ:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

*ശുശ്രൂഷകൻ:* കാൽവറി ക്രൂശിലെ യാഗത്തിലൂടെ, ഞങ്ങൾക്കു വാഗ്ദത്തം ചെയ്യപ്പെട്ട പാപമോചനത്തിനും നിത്യരക്ഷയ്ക്കുമായി...

*ജനങ്ങൾ:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

**ശുശ്രൂഷകൻ:** വിശ്വാസത്തിലും പ്രത്യാശയിലും ഞങ്ങളെ നിലനിർത്തി, ദൈവരാജ്യ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകി ശക്തീകരിക്കുന്നതിനായി...

*ജനങ്ങൾ:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**



*ശുശ്രൂഷകൻ:* യേശുവിന്റെ ക്രൂശിലെ സ്നേഹം ഞങ്ങൾക്കു പകർന്നുനൽകുവാൻ, തിരുവചനം നൽകിയതിനായും, തിരുവചന സത്യങ്ങൾ ഞങ്ങൾക്കായി പകർന്നു നൽകുന്ന ശുശ്രൂഷകൾക്കായും...

*ജനങ്ങൾ:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

*ശുശ്രൂഷകൻ:* ദിനംതോറും ഞങ്ങളെ പുതുക്കുകയും ശക്തീകരിക്കുകയും ചെയ്യുന്ന ദൈവകൃപയ്ക്കായും, ഞങ്ങളുടെമേൽ ചൊരിയുന്ന സകല ആത്മീയ ഭൗതിക നന്മകൾക്കായും...

*ജനങ്ങൾ:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

*ശുശ്രൂഷകൻ:* ദൈവസ്നേഹവും കരുതലും പകരപ്പെടുന്ന കുടുംബബന്ധങ്ങൾക്കായും, ദൈവമഹത്വത്തെക്കുറിച്ചു ചിന്തിപ്പിക്കുന്ന പ്രകൃതിവിലാസങ്ങൾക്കായും...

*ജനങ്ങൾ:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

*ശുശ്രൂഷകൻ:* പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന ത്രിയേക ദൈവമേ...

*ജനങ്ങൾ:* **നിനക്കു സ്തുതിയും മഹത്വവും പുകഴ്ചയും ഇപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമേൻ.**

## അനുതാപ പ്രാർത്ഥന

*(എല്ലാവരും മുട്ടുകുത്തണം, വ്യക്തിപരമായ പാപങ്ങളെ ഏറ്റുപറയുവാൻ സന്ദർഭം ഒരുക്കണം.)*

*(ഓരോ അപേക്ഷയ്ക്കും ശേഷം **"കർത്താവേ ഞങ്ങളോടു ക്ഷമിക്കേണമേ'** എന്നു പ്രതിവാക്യം പറയണം.)*

*ശുശ്രൂഷകൻ:* ദൈവത്തിന്റെ സ്വരൂപത്തെയും സാദൃശ്യത്തെയും വികലമാക്കിയ ഞങ്ങളുടെ ജീവിതശൈലിയെ...

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളോടു ക്ഷമിക്കേണമേ.**

*ശുശ്രൂഷകൻ:* ദൈവജനം എന്ന നിലയ്ക്കുള്ള ഞങ്ങളുടെ അതിശ്രേഷ്ഠമായ വിളിയും തെരഞ്ഞെടുപ്പും മറന്നു ജീവിച്ചു പോയ കുറവുകളെ...

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളോടു ക്ഷമിക്കേണമേ.**

*ശുശ്രൂഷകൻ:* ദൈവകല്പ്പനകൾ മനസ്സിലാക്കിയിട്ടും, ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കുവാൻ കഴിയാതെ, ലോകമോഹങ്ങൾക്ക് അടിമപ്പെട്ട് സ്വാർത്ഥരായി ജീവിച്ചുപോയ വീഴ്ചകളെ...

ജനങ്ങൾ: **കർത്താവേ, ഞങ്ങളോടു ക്ഷമിക്കേണമേ.**

*ശുശ്രൂഷകൻ:* ദൈവദത്തമായ താലന്തുകളും സാദ്ധ്യതകളും അവസരങ്ങളും, ദൈവനാമ മഹത്വത്തിനുവേണ്ടി ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയാതിരുന്ന, ഞങ്ങളുടെ അലംഭാവത്തെ...

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളോടു ക്ഷമിക്കേണമേ.**

*ശുശ്രൂഷകൻ:* സഹജീവികളെ സ്നേഹിക്കുന്നതിലും അവരുടെ കണ്ണുനീർ തുടയ്ക്കുന്നതിലും, ഞങ്ങൾക്കുള്ള അനുഗ്രഹങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിലും വന്നുപോയ പോരായ്മകളെ...

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളോടു ക്ഷമിക്കേണമേ.**

*ശുശ്രൂഷകൻ:* പരിസ്ഥിതിയെ സംരക്ഷിക്കാതിരുന്നതും, പ്രകൃതിയെ നിർദാക്ഷിണ്യം ചൂഷണം ചെയ്യുന്നതുമായ കുറവുകളെയും...

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളോടു ക്ഷമിക്കേണമേ.**

*ശുശ്രൂഷകൻ:* സമസൃഷ്ടങ്ങളെ പീഡിപ്പിക്കുകയും വയോജനങ്ങളെ സംരക്ഷിക്കാതിരിക്കുകയും ചെയ്യുന്ന ഞങ്ങളുടെ കുറ്റങ്ങളെ...

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളോടു ക്ഷമിക്കേണമേ.**



*ശുശ്രൂഷകൻ:* മാദ്ധ്യമസ്വാധീനത്തിൽപ്പെട്ട് ധൂർത്തിലും ആഡംഭരത്തിലും ജീവിക്കുന്ന ഞങ്ങളുടെ വീഴ്ചകളെ...

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളോടു ക്ഷമിക്കേണമേ.**

*ശുശ്രൂഷകൻ:* സൈബർ കുറ്റങ്ങളിൽ പങ്കാളികളാകുകയും ലൈംഗിക അരാജകത്വം ജീവിതത്തിൽ പുലർത്തുകയും ചെയ്യുന്ന ഞങ്ങളുടെ പാപങ്ങളെ...

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളോടു ക്ഷമിക്കേണമേ.**

*ശുശ്രൂഷകൻ:* മദ്യത്തിനും, ലഹരിക്കും അടിമകളായി ജീവിച്ച് പരിശുദ്ധാത്മാവിന്റെ മന്ദിരമായ ഞങ്ങളുടെ ശരീരത്തെ അനുദിനം തകർക്കുന്ന ഞങ്ങളുടെ തെറ്റായ ജീവിതശൈലിയെ...

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളോടു ക്ഷമിക്കേണമേ.**

*ശുശ്രൂഷകൻ:* നിന്റെ അവതാരത്തിന്റെയും ക്രൂശുമരണത്തിന്റെയും വില മനസ്സിലാക്കാതെ അഗണ്യമായി ജീവിച്ച ഞങ്ങളുടെ കുറ്റങ്ങളെ...

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളോടു ക്ഷമിക്കേണമേ.**

**പാപമോചന അറിയിപ്പ്** *(ശുശ്രൂഷകൻ എഴുന്നേറ്റു നിൽക്കണം.)*

സകലത്തെയും രൂപാന്തരപ്പെടുത്തുകയും, നവദർശനം നൽകി ശക്തീകരിക്കുകയും ചെയ്യുന്ന കർത്താവ്, തന്റെ ദിവ്യസ്നേഹത്താൽ നമ്മോടു കൃപചെയ്ത് സകല പാപങ്ങളും ക്ഷമിച്ച് നമ്മെ ശുദ്ധീകരിക്കുമാറാകട്ടെ. **ആമേൻ.**

**പ്രത്യേക അപേക്ഷ**

**പഴയനിയമ പാഠം**

**സങ്കീർത്തനം**

**ലേഖനം**

**സുവിശേഷം**

**പാട്ട്**

**പ്രസംഗം**

**അപ്പൊസ്തലവിശ്വാസപ്രമാണം** *(പേജ് 59)*

(പേജ് 59)

**മദ്ധ്യസ്ഥപ്രാർത്ഥന** *(പൊതുവിഷയങ്ങൾക്കുവേണ്ടിയും വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ അവസരം നൽകുന്നത് ഉചിതമാണ്.)*

*(തുടർന്നുള്ള ഓരോ അപേക്ഷയുടെയും പിന്നാലെ* ***"കർത്താവേ, ഞങ്ങളെ കേൾക്കേണമേ"*** *എന്നു പ്രതിവാക്യം പറയണം.)*

*ശുശ്രൂഷകൻ:* ദൈവത്തിന്റെ കരവിരുതായ മനോഹരമായ ഈ പ്രപഞ്ചത്തിനുവേണ്ടിയും സകല ജീവജാലങ്ങൾക്കുവേണ്ടിയും നമുക്കു പ്രാർത്ഥിക്കാം.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**

*ശുശ്രൂഷകൻ:* ലോകത്തിൽ നീതിയും സമാധാനവും സൗഹാർദ്ദവും വളരേണ്ടതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**

*ശുശ്രൂഷകൻ:* എല്ലാ ഭരണകൂടങ്ങൾക്കുവേണ്ടിയും രാജ്യങ്ങളെ നയിക്കുന്ന നേതാക്കൾക്കുവേണ്ടിയും നമുക്കു പ്രാർത്ഥിക്കാം.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**

*ശുശ്രൂഷകൻ:* സമൂഹത്തിന്റെ വിവിധ മേഖലകളിൽ സേവനത്തിൽ വ്യാപൃതരായിരിക്കുന്നവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*ജനങ്ങൾ:* **കർത്താവേ ഞങ്ങളെ കേൾക്കേണമേ.**

*ശുശ്രൂഷകൻ:* നീതി നിഷേധിക്കപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും ദരിദ്രരെയും ചൂഷിതരെയും ഓർത്തു നമുക്കു പ്രാർത്ഥിക്കാം.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**

*ശുശ്രൂഷകൻ:* എല്ലാ കുഞ്ഞുങ്ങളെയും യൗവനക്കാരെയും മദ്ധ്യവയസ്കരെയും ഓർത്തു നമുക്കു പ്രാർത്ഥിക്കാം.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**



*ശുശ്രൂഷകൻ:* അനാഥരെയും വൈധവ്യം അനുഭവിക്കുന്നവരെയും വാർദ്ധക്യത്തിന്റെ ക്ഷീണതയിൽ കഴിയുന്നവരെയും ഓർത്ത് നമുക്കു പ്രാർത്ഥിക്കാം.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**

*ശുശ്രൂഷകൻ:* എല്ലാ രോഗികളെയും അപകടത്തിൽപെട്ടു കഷ്ടം അനുഭവിക്കുന്നവരെയും ശാരീരിക-മാനസിക വൈകല്യം ഉള്ളവരെയും സാമ്പത്തിക ക്ഷീണം അനുഭവിക്കുന്നവരെയും ഓർത്ത് നമുക്കു പ്രാർത്ഥിക്കാം.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**

*ശുശ്രൂഷകൻ:* എല്ലാ സുവിശേഷ പ്രവർത്തനങ്ങളെയും പ്രവർത്തകരെയും സംഘടനകളെയും ഓർത്ത് നമുക്കു പ്രാർത്ഥിക്കാം.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**

*ശുശ്രൂഷകൻ:* എല്ലാ ക്രൈസ്തവ സഭകളെയും സഭാമേലദ്ധ്യക്ഷന്മാരെയും എല്ലാ എക്യുമെനിക്കൽ പ്രവർത്തനങ്ങളെയും ഓർത്ത് നമുക്കു പ്രാർത്ഥിക്കാം.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**

*ശുശ്രൂഷകൻ:* നമ്മുടെ ഇടവകയെയും എല്ലാ സംഘടനകളെയും സഭയുടെ ചുമതലക്കാരെയും ശുശ്രൂഷകരെയും എല്ലാ കുടുംബങ്ങളെയും ഓർത്ത് നമുക്കു പ്രാർത്ഥിക്കാം.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**

**നമുക്ക് പ്രാർത്ഥിക്കാം**

സർവ്വ സൃഷ്ടിയുടെയും പിതാവായ ദൈവമേ, ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും നീ ശ്രദ്ധവച്ചു കേട്ടതിനായി ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്റെ സന്നിധിയിൽ എന്നും നന്ദിയോടും വിശ്വസ്തതയോടുംകൂടെ കാണപ്പെടുവാൻ ഞങ്ങളെ സഹായിക്കേണമേ. ദൈവസന്നിധിയിൽ താഴ്മയോടും, ദൈവവചനത്തോടുള്ള ബന്ധത്തിൽ പൂർണ്ണ അനുസരണത്തോടും, സമ്പൂർണ്ണ സമർപ്പണത്തോടുംകൂടെ ജീവി

ക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന്, കാൽവറിക്രൂശിൽ ഞങ്ങൾക്കുവേണ്ടി ബലിയായിത്തീർന്ന യേശുക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കേണമേ, ആമേൻ.

*അല്ലെങ്കിൽ*

**ലിത്താനി** *(പേജ് നമ്പർ 61)*

**പാട്ട്** *(വഴിപാടു സമർപ്പണം)*

**പ്രാർത്ഥന**

സർവ്വ അനുഗ്രഹങ്ങളുടെയും ദാതാവായ ദൈവമേ, അദ്ധ്വാനിക്കുവാനും വളരുവാനും, ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന സാദ്ധ്യതകൾക്കായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ മുമ്പിലുള്ള അവസരങ്ങളും, ഞങ്ങളിൽ നീ നിക്ഷേപിച്ചിരിക്കുന്ന അനന്തമായ സാദ്ധ്യതകളും, താലന്തുകളും ക്രിയാത്മകമായി ഉപയോഗിക്കുവാൻ ആവശ്യമായ ജ്ഞാനം ഞങ്ങൾക്കു നൽകേണമേ. നിന്റെ സന്നിധിയിൽ ഞങ്ങൾ സന്തോഷത്തോടെ സമർപ്പിക്കുന്ന ഈ കാഴ്ചകളോടുകൂടെ, ഞങ്ങളെയും സ്വീകരിക്കേണമേ. ദൈവരാജ്യ കെട്ടുപണിക്കായി ത്യാഗപൂർവ്വം പ്രവർത്തിക്കുവാൻ ഞങ്ങളെ ശക്തീകരിക്കണമെന്ന് യേശുവിന്റെ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നതു കൃപയോടെ കേൾക്കേണമേ, **ആമേൻ.**

**കർത്താവിന്റെ പ്രാർത്ഥന** *(പേജ് 66)*

**ആശീർവ്വാദം**

***കുറിപ്പ്:*** *നോമ്പ് ഞായറാഴ്ചകളിലെ ആരാധനയിൽ "പത്തു കൽപ്പനകൾ" പൂർണ്ണമായി ചൊല്ലണം.*

*(അപ്പംനുറുക്കൽ ശുശ്രൂഷ ഇവിടെ ആരംഭിക്കാം.)*

---

# ഹോശാനാ ഞായർ

*കുരുത്തോലകൾ ഉപയോഗിക്കുന്നുവെങ്കിൽ പള്ളിക്കു പുറത്ത് പ്രധാന കവാടത്തിൽ ഒരുമിച്ചു കൂടുക.*

**പ്രാരംഭപ്രാർത്ഥന**

സർവ്വശക്തനായ ദൈവമേ, നിന്റെ പുത്രനിലൂടെ ഞങ്ങളെ പാപത്തിന്റെ അടിമത്തത്തിൽനിന്നും വീണ്ടെടുത്തു, മക്കൾ എന്ന പദവിയിലേക്ക് ഉയർത്തിയിരിക്കുന്ന വലിയ സ്നേഹത്തിനായി ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. നിന്റെ പുത്രൻ മനുഷ്യാവതാരകാലത്തു സൗമ്യനായി ഒരു കഴുതക്കുട്ടിയുടെമേൽ കയറി, യരുശലേം നഗരത്തിലേക്കു ജയോത്സവമായി പ്രവേശിച്ചതിനെ ഞങ്ങൾ സ്മരിക്കുന്നു. അനേകർ ചില്ലിക്കൊമ്പുകളും വസ്ത്രങ്ങളും വഴിയിൽ വിതറി, കുരുത്തോലകൾ കൈയിലേന്തി, ആർത്തുല്ലസിച്ചു, രാജാവായി നിന്നെ കൈക്കൊണ്ടുവല്ലോ. നാഥാ, ഈ കുരുത്തോലകൾ കൈയിലേന്തി ആ വിജയാഘോഷത്തിൽ പങ്കാളികളാകുവാനും, നിന്നെ രാജാധിരാജാവായി പ്രഘോഷിക്കുവാനും, നിത്യജീവന്റെ പാതയിൽ നിന്നെ അനുഗമിക്കുവാനും കൃപയരുളണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നേക്കും ജീവിച്ചുവാഴുന്ന പുത്രൻ മുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നു, ആമേൻ.

**പാട്ട്**

*(കുരുത്തോലയുമായി പ്രദക്ഷിണം ചെയ്തതിനുശേഷം പള്ളിയിൽ പ്രവേശിക്കുന്നു.)*

*ശുശ്രൂഷകൻ:* കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവു വാഴ്ത്തപ്പെട്ടവൻ.

*ജനങ്ങൾ:* **ഉന്നതത്തിൽ ദൈവത്തിനു മഹത്വം.**

*ശുശ്രൂഷകൻ:* കർത്താവു നിങ്ങളോടുകൂടെ ഇരിക്കട്ടെ.

*ജനങ്ങൾ:* **മനുഷ്യരിൽ സംപ്രീതിയും സമാധാനവും വർദ്ധിക്കട്ടെ.**

**നമുക്ക് പ്രാർത്ഥിക്കാം**

ഞങ്ങളുടെ രക്ഷയുടെ ദാതാവായ ദൈവമേ, നിന്റെ പുത്രൻ മുഖാന്തരം ഞങ്ങൾക്കു ലഭ്യമാക്കിയിരിക്കുന്ന നിത്യജീവനും അമർത്യതയ്ക്കുംവേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നിന്റെ അത്ഭുതകരമായ രക്ഷണ്യപ്രവൃത്തിയെക്കുറിച്ചു ധ്യാനിക്കുവാനും, സന്തോഷകരവും മഹത്ത്വകരവുമായ രക്ഷയുടെ അനുഭവത്തിലേക്കു പ്രവേശിക്കുവാനും കൃപയരുളണമെന്ന്, ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു മുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

**പത്തു കൽപ്പനകൾ** *(പേജ് 58)*

**പാപസ്വീകാരം**

***ശുശ്രൂഷകൻ:*** നമ്മുടെ ജീവിതത്തിൽ വന്നുപോയ വീഴ്ചകൾ ഏറ്റുപറയാം. നമ്മുടെ ശുദ്ധീകരണത്തിനായി നമുക്കു മുട്ടുകുത്തി അപേക്ഷിക്കാം.

എന്റെ ആലയം സകല ജാതികൾക്കും പ്രാർത്ഥനാലയം ആകുന്നു, നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കുന്നു എന്നു പറഞ്ഞ്, ദൈവാലയത്തെ ശുദ്ധീകരിച്ച ക്രിസ്തുവേ, ഞങ്ങളുടെ മൺകൂടാര മാകുന്ന ഈ ആലയം പരിശുദ്ധമായി കാത്തുസൂക്ഷിക്കുന്നതിൽ ഞങ്ങൾക്കുണ്ടായ വീഴ്ചകൾ ഓർത്തുകൊണ്ട് ഞങ്ങൾ തിരുസവിധേ അടുത്തു വരുന്നു...

*(അൽപ്പസമയത്തെ മൗനത്തിനുശേഷം)* അനുതാപപ്രാർത്ഥനയിൽ നമുക്ക് പങ്കുചേരാം



*ജനങ്ങൾ:* **നിത്യനായ ദൈവമേ, വെളിച്ചത്തിന്റെയും കൃപയുടെയും ദാതാവേ, ഞങ്ങളുടെ അജ്ഞതയിലൂടെയും ബലഹീനതയിലൂടെയും മനഃപൂർവ്വമായ നിരൂപണങ്ങളിലൂടെയും വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും നിന്നോടു ഞങ്ങൾ പാപം ചെയ്തിരിക്കുന്നു. ഞങ്ങളിലുള്ള നിന്റെ സ്വരൂപവും സാദൃശ്യവും ഞങ്ങൾ വികലമാക്കിയത് ഓർത്ത് ദുഃഖിക്കുന്നു. ഞങ്ങൾക്കുവേണ്ടി മരിച്ച നിന്റെ പ്രിയപുത്രനെ ഓർത്ത് ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കുകയും, അന്ധകാരത്തിൽനിന്നും ഞങ്ങളെ പ്രകാശത്തിന്റെ പാതയിലേക്കു നടത്തുകയും ചെയ്യേണമേ, ആമേൻ.**

**പാപമോചന അറിയിപ്പ്** *(ശുശ്രൂഷകൻ എഴുന്നേറ്റു നിൽക്കണം.)*

മനഃപൂർവ്വമായ മാനസാന്തരത്തോടും സത്യ വിശ്വാസത്തോടും തങ്കലേക്കു തിരിയുകയും തങ്ങളുടെ സഹോദരങ്ങളോടു ക്ഷമിക്കുകയും ചെയ്യുന്ന എല്ലാവർക്കും, പാപമോചനം നൽകുമെന്നു തന്റെ മഹാകരുണയാൽ വാഗ്ദത്തം ചെയ്തിരിക്കുന്ന സ്വർഗസ്ഥപിതാവായ സർവ്വശക്തിയുള്ള ദൈവം, നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം കരുണയുണ്ടായി, നിങ്ങളുടെ സകല പാപങ്ങളെയും ക്ഷമിച്ച്, അവയിൽനിന്നു നിങ്ങളെ വിടുവിച്ചു, സകല നന്മയിലും ഉറപ്പിച്ചു ബലപ്പെടുത്തി, നിങ്ങളെ നിത്യജീവങ്കലേക്കു പ്രവേശിപ്പിക്കട്ടെ.

*ജനങ്ങൾ:* **ആമേൻ. ദൈവമേ, നിനക്കു സ്തോത്രം.**

**ദൈവവചന ശുശ്രൂഷ**

*ശുശ്രൂഷകൻ:* കർത്താവിനെ സ്തുതിപ്പിൻ.

*ജനങ്ങൾ:* **കർത്താവിന്റെ നാമം സ്തുതിക്കപ്പെടട്ടെ.**

**പ്രത്യേക അപേക്ഷ**

**പഴയനിയമപാഠം**

*(പാഠം വായന കഴിഞ്ഞ് എല്ലാവരും എഴുന്നേറ്റു നിൽക്കണം.)*

***പട്ടക്കാരൻ:*** ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വന്നു, ഞങ്ങളുടെ മേൽ അനുഗ്രഹം ചൊരിയേണമേ,

*ജനങ്ങൾ:* **ദൈവമേ, ഞങ്ങളോടു ഉത്തരമരുളി, ഞങ്ങളെ അനുഗ്രഹിക്കേണമേ, ഞങ്ങളുടെ ഹൃദയങ്ങളെ അനുതാപത്തിലേക്കു തിരിക്കുകയും ചെയ്യേണമേ.**

***പട്ടക്കാരൻ:*** ദൈവത്തെ സ്തുതിക്കുന്നതിനായി നമ്മെ നിയമിച്ചിരിക്കുന്നു. ആകയാൽ ദൈവപുത്രനു സ്തുതി പാടുക, സ്തുതി പാടുക, സ്തുതി പാടുക.

*ജനങ്ങൾ:* **ഞങ്ങളുടെ വീണ്ടെടുപ്പിനായി തന്റെ പുത്രനെ അയച്ച പിതാവിനു സ്തുതി, സീയോന്റെ തെരുവീഥിയിൽ കൂടെ കഴുതപ്പുറത്തു കയറി എഴുന്നള്ളിയ പുത്രനു വന്ദനം.**

***പട്ടക്കാരൻ:*** ഉറച്ച ശബ്ദത്തോടെ വന്ദ്യനാം പുത്രനെ സ്തുതിക്കുവാൻ പൈതങ്ങളെ ശക്തീകരിച്ച പരിശുദ്ധാത്മാവിനു സ്തോത്രം.

***ജനങ്ങൾ:*** **കർത്താവു, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു പൈതങ്ങൾ ആർത്തു പാടിയപ്പോൾ, കഴുതക്കുട്ടിയുടെമേൽ കയറി യെരുശലേമിലേക്കു പ്രവേശിച്ച കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു.**

**സങ്കീർത്തനം** *(എല്ലാവരും നിൽക്കണം.)*

**ലേഖനം**

*(പാഠം വായന കഴിഞ്ഞ് എല്ലാവരും എഴുന്നേറ്റു നിൽക്കണം.)*

***ശുശ്രൂഷകൻ:*** അത്യുന്നതങ്ങളിൽ കർത്താവിന്റെ തിരുനാമം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

*ജനങ്ങൾ:* **അത്യുന്നതങ്ങളിൽ കർത്താവിന്റെ തിരുനാമം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.**

***ശുശ്രൂഷകൻ:*** വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയേണമേ.



*ജനങ്ങൾ:* **വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയേണമേ.**

***ശുശ്രൂഷകൻ:*** നീ എന്നേക്കും വിശുദ്ധിയും മഹത്വവും ഉള്ളവനാകുന്നു.

*ജനങ്ങൾ:* **നീ എന്നേക്കും വിശുദ്ധിയും മഹത്വവും ഉള്ളവനാകുന്നു.**

***ശുശ്രൂഷകൻ:*** ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി.

*ജനങ്ങൾ:* **ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി.**

**സുവിശേഷം**

*(സുവിശേഷം വായിക്കുമ്പോൾ എല്ലാവരും നിൽക്കണം.)*

*(സുവിശേഷം വായിച്ചുകഴിയുമ്പോൾ ജനങ്ങൾ പറയേണ്ടത്:)*

**ക്രിസ്തുവേ, നിനക്കു സ്തുതി ഉണ്ടായിരിക്കട്ടെ.**

**പാട്ട്**

**പ്രസംഗം**

**നിഖ്യാവിശ്വാസപ്രമാണം** *(പേജ് 60)*

**അറിയിപ്പുകൾ**

**മദ്ധ്യസ്ഥ പ്രാർത്ഥന**

*(വ്യക്തിപരമായ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുവാൻ അവസരം നൽകണം. ജനങ്ങളിൽ ഒരാൾ നേതൃത്വം നൽകുന്നത് ഉചിതമാണ്. ഓരോ അപേക്ഷയ്ക്കും **'കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ'** എന്നു പ്രതിവാക്യം പറയണം)*

***ശുശ്രൂഷകൻ:*** സർവ്വലോകത്തിന്റെയും വിശേഷാൽ ഈ ദേശത്തിന്റെയും നിരപ്പിനും സമാധാനത്തിനുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

***ജനങ്ങൾ:*** **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

***ശുശ്രൂഷകൻ:*** യരുശലേമിലേക്ക് എഴുന്നെള്ളുവാൻ ഒരു ഹീന

മൃഗത്തെ വാഹനമായി ഉപയോഗിച്ചു, അതിനെ മാനമുള്ളതാക്കിത്തീർത്ത ക്രിസ്തുവേ, സകല സൃഷ്ടിയുടെയും, പ്രത്യേകമായി ഞങ്ങൾ വസിക്കുന്ന ഭൂമിയുടെ ഭദ്രതയ്ക്കും ജീർണ്ണതയുടെ ദാസ്യത്തിൽനിന്നുള്ള വിടുതലിനും വേണ്ടി, ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

*ശുശ്രൂഷകൻ:* എല്ലാ ഭരണാധികാരികളും അവരുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാവരും, ദൈവഭയത്തിലും മനുഷ്യസ്നേഹത്തിലും തങ്ങളുടെ ചുമതലകൾ വിശ്വസ്തതയോടെ നിവർത്തിക്കുവാൻ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

**ശുശ്രൂഷകൻ:** ലോകമെങ്ങുമുള്ള വിശുദ്ധ കാതോലിക സഭയിലെ എല്ലാ മേൽപ്പട്ടക്കാർക്കായും വിശേഷാൽ ദക്ഷിണേന്ത്യാസഭയുടെ മോഡറേറ്റർ, ഉത്തരേന്ത്യാസഭയുടെ മോഡറേറ്റർ, മാർത്തോമ്മാ സഭയുടെ മെത്രാപ്പോലീത്താ,..................... എന്ന ഞങ്ങളുടെ ബിഷപ്പ്, എന്നിവർക്കുവേണ്ടിയും, എല്ലാ ......പട്ടക്കാർക്കും സഭാപ്രവർത്തകർക്കുവേണ്ടിയും, പ്രേഷിത പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

*ശുശ്രൂഷകൻ:* ലോകമെങ്ങുമുള്ള എല്ലാ വിശ്വാസികളുടെയും, ക്ഷേമത്തിനും സ്ഥിരതയ്ക്കും ഐക്യത്തിനുമായും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

*ശുശ്രൂഷകൻ:* അജ്ഞതയിലും അന്ധവിശ്വാസത്തിലും ഇരിക്കുന്നവരെയും, രക്ഷയുടെ ദൂതു തിരസ്കരിക്കുന്നവരെയും



സന്ദർശിച്ച്, രക്ഷയുടെ പാതയിലേക്കു നയിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

*ശുശ്രൂഷകൻ:* അനാഥർക്കും, ദരിദ്രർക്കും, ഞെരുക്കത്തിലിരിക്കുന്നവർക്കും, രോഗികൾക്കും, ദുഃഖത്തിൽ ഇരിക്കുന്നവർക്കും, മരിക്കാറായവർക്കും, രക്ഷയും ആശ്വാസവും പ്രത്യാശയും നൽകണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*ജനങ്ങൾ:* **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

**നമുക്കു പ്രാർത്ഥിക്കാം**

സൈന്യങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ ശക്തിയുള്ള വലങ്കൈ നീട്ടി, സകലഭൂവാസികളെയും പ്രത്യേകമായി നിന്റെ സഭയെയും അനുഗ്രഹിക്കേണമേ. നിന്റെ ദയയാലും അതിരറ്റ സ്നേഹത്താലും നിന്റെ ജനത്തെ അവരുടെ ബലഹീനതകളിൽ കൈ താങ്ങി, എന്നും നിനക്കുള്ളവരായി ജീവിക്കുവാനും സഹായിക്കേണമേ. ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും നിന്റെ സന്നിധിയിൽ നിർമ്മലജീവിതം നയിച്ചു കരുണ കണ്ടെത്തുവാനും, നിന്നെ പ്രസാദിപ്പിക്കുവാനും ഞങ്ങളെ അർഹരാക്കേണമേ. ഈ വിശുദ്ധ ഹോശാനാ ദിവസത്തിൽ യെരുശലേമിലെ പൈതങ്ങളെപ്പോലെയും ശിഷ്യന്മാരെപ്പോലെയും, ഈ ലോകത്തിൽ നിന്നെ സ്തുതിച്ചുപുകഴ്ത്തുവാനും വരുവാനിരിക്കുന്ന ലോകത്തിൽ നിന്റെ വിശുദ്ധ ഗണങ്ങളോടു ചേർന്നു, വാടാത്ത കുരുത്തോലകളാൽ നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും സ്തുതിച്ചു മഹത്വപ്പെടുത്തുവാനും, ഞങ്ങൾക്കു കൃപ നൽകണമെന്ന് യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ വിനയമായി അപേക്ഷിക്കുന്നു, ആമേൻ.

*(എല്ലാവരും കൂടെ:)*

**ഹോശാനാ, അത്യുന്നതങ്ങളിൽ ഹോശാനാ. ഞങ്ങളെ തേടി വരുന്ന രാജാധിരാജാവു വാഴ്ത്തപ്പെട്ടതാകുന്നു, ഞങ്ങളുടെമേൽ വിളിക്കപ്പെട്ടിരിക്കുന്ന തിരുനാമം വാഴ്ത്തപ്പെട്ടതാകുന്നു, ഞങ്ങളുടെ രക്ഷയ്ക്കായി നീ ചെയ്ത രക്ഷണ്യ വേലയും, എന്നും എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു, ആമേൻ.**

*ശുശ്രൂഷകൻ:* നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ, ആമേൻ.

*(അപ്പം നുറുക്കൽ ശുശ്രൂഷ.)*



# പെസഹാ വ്യാഴാഴ്ചത്തേക്കുള്ള ആരാധന

പ്രാർത്ഥന

പാട്ട്

### പ്രാരംഭ വാക്യങ്ങൾ

ഞാൻ കഷ്ടം അനുഭവിക്കുംമുമ്പേ ഈ പെസഹ നിങ്ങളോടുകൂടെ കഴിക്കുവാൻ വാഞ്ഛയോടെ ആഗ്രഹിച്ചു. അതു ദൈവരാജ്യത്തിൽ നിവൃത്തിയാകുവോളം ഞാൻ ഇനി അതു കഴിക്കുകയില്ല.
(ലൂക്കോ. 22:15-16)

നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ. ആരാകുന്നു വലിയവൻ? ഭക്ഷണത്തിനിരിക്കുന്നവനോ? ശുശ്രൂഷിക്കുന്നവനോ ഭക്ഷണത്തിനിരിക്കുന്നവനല്ലയോ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെ ആകുന്നു. (ലൂക്കോ. 22: 26-27)

നിങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹിക്കണം എന്ന പുതിയോരു കൽപ്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽത്തമ്മിൽ സ്നേഹിക്കണം എന്നു തന്നേ. (യോഹ. 13:34)

*ശുശ്രൂഷകൻ:* മനുഷ്യവർഗത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി ഒരിക്കലായി തന്നെത്തന്നെ കുരിശിൽ ഏകയാഗമായി അർപ്പിക്കു

വാൻ തിരുമനസ്സായ ക്രിസ്തുവേ, നിന്റെ മരണത്തിനുമുമ്പു ശിഷ്യന്മാരുമായി ദൈവജനത്തിന്റെ വിമോചനത്തിന്റെ പെസഹാ താത്പര്യപൂർവ്വം ആചരിച്ചുവല്ലോ. നീ ഞങ്ങൾക്കു തന്നിരിക്കുന്ന മാതൃകയ്ക്കായി ഞങ്ങൾ നന്ദി അർപ്പിക്കുന്നു. ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനാണു വന്നതെന്നു വ്യക്തമാക്കിക്കൊണ്ട് നിന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയല്ലോ. ഞങ്ങളുടെ രക്ഷയ്ക്കായി നിന്റെ ശരീരരക്തങ്ങളെ നൽകിക്കൊണ്ട് ഈ മഹത്തായ സ്തോത്രാർപ്പണ സാക്രമെന്ത് നീ സ്ഥാപിച്ചതിനായി ഞങ്ങൾ നിനക്കു സ്തോത്രം അർപ്പിക്കുന്നു. നിന്റെ പുനരാഗമനത്തിൽ ദൈവരാജ്യത്തിലെ വലിയ വിരുന്നിൽ നീ വീണ്ടും പങ്കെടുക്കുന്നതുവരെയും ഇത് അർപ്പിക്കണമെന്നു നിന്റെ ശിഷ്യന്മാർക്കു കൽപ്പന നൽകിയല്ലോ. അത് ഒരിക്കൽക്കൂടെ കൊണ്ടാടുവാൻ ഈ പെസഹാദിനം ദാനമായി നൽകിയതിനായ് ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. നിന്റെ ശരീരരക്തങ്ങളിലൂടെ ഞങ്ങൾക്കായി സ്ഥാപിച്ച പുതിയ ഉടമ്പടി പുതുക്കുന്ന ഈ സമയം ഞങ്ങളും നുറുക്കപ്പെടേണ്ടവരാണ് എന്ന ബോധവും അതിനായി ഞങ്ങളെത്തന്നെ അർപ്പിക്കുവാനുള്ള കൃപയും ഞങ്ങൾക്കു നൽകണമെന്ന് ദൈവമായിരിക്കെ ഞങ്ങൾക്കുവേണ്ടിയും മുഴുപ്രപഞ്ചത്തിനുവേണ്ടിയും മനുഷ്യനായിത്തീർന്നു, മരിച്ചു, ഉയർത്തെഴുന്നേറ്റു, പിതാവിനോടും പരിശുദ്ധാത്മാവിനോടുകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചു വാഴുന്ന നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു, ആമേൻ.

### സ്തുതി ലിത്താനി

*("ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു" എന്നു പ്രതിവാക്യമായി പറയണം.)*

*ശുശ്രൂഷകൻ:* മിസ്രയീമിന്റെ അടിമത്തത്തിലിരുന്ന നിന്റെ ജനത്തിന്റെ കഷ്ടത കണ്ട് അവരുടെ നിലവിളി കേട്ട് അവരെ വിടുവിച്ച പിതാവാം ദൈവമേ,

***ജനങ്ങൾ:* ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**



*ശുശ്രൂഷകൻ:* മിസ്രയീമിൽനിന്നുള്ള വിടുതൽ ദിനോത്സവമായി പെസഹാ ആചരിക്കണമെന്ന് അരുളിച്ചെയ്ത പിതാവാം ദൈവമേ,

***ജനങ്ങൾ:* ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

*ശുശ്രൂഷകൻ:* നിന്റെ ഏകജാതനായ പുത്രനെ ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച പിതാവാം ദൈവമേ,

***ജനങ്ങൾ:* ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

*ശുശ്രൂഷകൻ:* സ്വർഗീയ മഹിമ വെടിഞ്ഞു ലോകത്തിലേക്കു താണിറങ്ങി മനുഷ്യനായിത്തീർന്ന് ലോകത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി പരമയാഗമായിത്തീർന്ന പുത്രനാം ദൈവമേ,

***ജനങ്ങൾ:* ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

*ശുശ്രൂഷകൻ:* സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു, ലോകത്തിനു തരുവാനോ എടുക്കുവാനോ കഴിയാത്തതും സകല ബുദ്ധിയെയും കവിയുന്നതുമായ സമാധാനം നിങ്ങൾക്കു തരുന്നു എന്ന് അരുളിച്ചെയ്ത പുത്രനാം ദൈവമേ,

***ജനങ്ങൾ:* ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

*ശുശ്രൂഷകൻ:* സ്വർഗത്തിൽ നിന്നിറങ്ങി സ്വയം ബലിയായർപ്പിച്ചു ലോകത്തിനു ജീവൻ നൽകിയ ജീവന്റെ അപ്പമായ പുത്രനാം ദൈവമേ,

***ജനങ്ങൾ:* ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

*ശുശ്രൂഷകൻ:* എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവും ആണെന്നും എന്നെ തിന്നുന്നവൻ എന്മൂലം ജീവിക്കുമെന്നും അരുളിച്ചെയ്ത പുത്രനാം ദൈവമേ,

***ജനങ്ങൾ:* ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

*ശുശ്രൂഷകൻ:* ഞങ്ങളുടെ ബലഹീനതകളിൽ തുണ നിൽക്കുന്നവനും ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ ഞങ്ങൾക്കുവേണ്ടി

സദാ പക്ഷവാദം ചെയ്യുന്നവനുമായ പരിശുദ്ധാത്മാവാം ദൈവമേ,

***ജനങ്ങൾ:* ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

***ശുശ്രൂഷകൻ:*** ഞങ്ങളെ ദൈവമക്കളായിത്തീർക്കുന്നതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പരിവർത്തിക്കുകയും ഞങ്ങൾ ദൈവമക്കളാകുന്നുവെന്നു ഞങ്ങളുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുകയും ചെയ്യുന്ന പരിശുദ്ധാത്മാവാം ദൈവമേ,

***ജനങ്ങൾ:* ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

***ശുശ്രൂഷകൻ:*** പിതാവിനോടും പുത്രനോടുമുള്ള കൂട്ടായ്മയിൽ ഞങ്ങളെ പ്രവേശിപ്പിച്ച് അതിന്റെ സന്തോഷം ഞങ്ങളിൽ പകരുകയും സകല സത്യത്തിലും ഞങ്ങളെ വഴി നടത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവാം ദൈവമേ,

***ജനങ്ങൾ:* ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

### പത്തു കൽപ്പനകൾ *(പേജ് 58)*

(പേജ് 58)

***ശുശ്രൂഷകൻ:*** നമ്മുടെ കർത്താവായ യേശുക്രിസ്തു ശിഷ്യന്മാരുമായി അന്ത്യഅത്താഴം ആചരിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു:

ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്ക് എന്നോടുകൂടെ പങ്കില്ല. (യോഹ. 13:8)

കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഇതു നിങ്ങൾ അറിയുന്നുവെങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ. (യോഹ. 13:14,17)

സകല ഹൃദയങ്ങളെയും അറിയുന്ന ദൈവസന്നിധിയിൽ മുട്ടുകുത്തി പാപങ്ങളെ ഏറ്റുപറവിൻ.

*(അൽപ്പനേരത്തെ മൗനപ്രാർത്ഥനയ്ക്കുശേഷം എല്ലാവരുംകൂടെ ഏറ്റുപറയേണ്ട അനുതാപപ്രാർത്ഥന)*



**നിന്നോടുള്ള കൂട്ടായ്മയ്ക്കായി ഞങ്ങളെ സൃഷ്ടിച്ച ദൈവമേ, നിന്നിൽ നിന്നകന്നു കൂട്ടായ്മ ബന്ധവും ജീവനും നഷ്ടപ്പെടുത്തിയ ഞങ്ങളുടെ കുറ്റങ്ങളെ നാഥാ, ക്ഷമിക്കേണമേ. നിന്റെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങളാൽ ഞങ്ങളെ പരിപോഷിപ്പിക്കുവാൻ തിരുമനസ്സായ ദൈവമേ, പലപ്പോഴും തിരുശരീരരക്തങ്ങളുടെ കൂട്ടായ്മയിൽ പങ്കാളികളാകുമ്പോൾ ത്തന്നെ ഞങ്ങളുടെ രക്ഷകനെ ഒറ്റിക്കൊടുക്കുകയും തള്ളിപ്പറയുകയും ചെയ്തിട്ടുള്ളതു ഞങ്ങൾ ഏറ്റുപറയുന്നു. സഹവിശ്വാസികളോടുള്ള കൂട്ടായ്മയിൽ ഞങ്ങൾ വരുത്തിയിട്ടുള്ള അവഗണനകൾ ഓർത്തു ഞങ്ങൾ ദുഃഖിക്കുന്നു. ഈ കൂട്ടായ്മയിൽപ്പെട്ട അനേകർ കഷ്ടത അനുഭവിക്കുമ്പോൾ നീ ഞങ്ങൾക്കു നൽകിയ നന്മകൾ സ്വാർത്ഥപരമായി ഉപയോഗിക്കുന്നതിലൂടെ ശരിയായുള്ള കൂട്ടായ്മബന്ധം തകർക്കുന്നതു ഞങ്ങളോടു ക്ഷമിക്കേണമേ. നന്മ ചെയ്യുവാനും കൂട്ടായ്മ ആചരിക്കുവാനുമുള്ള ഞങ്ങളുടെ ഉത്തരവാദിത്വം വിസ്മരിച്ചുപോയതു ഞങ്ങളോടു പൊറുക്കേണമേ. മറ്റുള്ളവർക്കുവേണ്ടി യാഗമായിത്തീർന്ന ഞങ്ങളുടെ കർത്താവിനെപ്പോലെ നുറുക്കപ്പെടുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു, ആമേൻ.**

### പാപമോചന അറിയിപ്പ്

മനഃപൂർവ്വമായ മാനസാന്തരത്തോടും സത്യവിശ്വാസത്തോടും തങ്കലേക്കു തിരിയുകയും തങ്ങളുടെ സഹോദരങ്ങളോടു ക്ഷമിക്കുകയും ചെയ്യുന്ന എല്ലാവർക്കും പാപമോചനം നൽകുമെന്നു തന്റെ മഹാകരുണയാൽ വാഗ്ദത്തം ചെയ്തിരിക്കുന്ന സ്വർഗസ്ഥപിതാവായ സർവ്വശക്തിയുള്ള ദൈവം, നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നിങ്ങളോടു കരുണയുണ്ടായി, നിങ്ങളുടെ സകല പാപങ്ങളും നിങ്ങളോടു ക്ഷമിച്ച്,

അവയിൽനിന്ന് നിങ്ങളെ വിടുവിച്ച്, സകല നന്മയിലും ഉറപ്പിച്ചു ബലപ്പെടുത്തി, നിങ്ങളെ നിത്യജീവങ്കലേക്കു പ്രവേശിപ്പിക്കട്ടെ.

***ജനങ്ങൾ:*** **ആമേൻ. കർത്താവേ, നിനക്കു സ്തോത്രം.**

കർത്താവു നിങ്ങളോടുകൂടെ ഇരിക്കട്ടെ.

***ജനങ്ങൾ:*** **നിങ്ങളോടു കൂടെയും.**

**പെസഹാ വ്യാഴാഴ്ചത്തേക്കുള്ള അപേക്ഷ**

**ഒന്നാം പാഠം**

**സങ്കീർത്തനം** *(ജനങ്ങൾ എഴുന്നേറ്റു നിൽക്കേണ്ടതാണ്.)*

**രണ്ടാം പാഠം**

**സുവിശേഷം** *(ജനങ്ങൾ എഴുന്നേറ്റു നിൽക്കേണ്ടതാണ്.)*

**പാട്ട്**

**പ്രസംഗം**

*(എല്ലാവരും എഴുന്നേറ്റുനിന്ന് വിശ്വാസം ഏറ്റുപറയാം).*

**നിഖ്യാവിശ്വാസപ്രമാണം** *(പേജ് 60)*

**മദ്ധ്യസ്ഥ പ്രാർത്ഥന**

*(**"കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ"** എന്നു പ്രതിവാക്യമായി പറയണം.)*

***ശുശ്രൂഷകൻ:*** ഇന്നേ ദിവസം ലോകവ്യാപകമായി ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്ന വിശ്വാസസമൂഹത്തിനുവേണ്ടിയും ആരാധനയിൽ നേതൃത്വം നൽകുന്നവർക്കുവേണ്ടിയും ഞങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുന്നു

***ജനങ്ങൾ:*** **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

***ശുശ്രൂഷകൻ:*** ഇന്നത്തെ ആരാധനയിൽ പങ്കെടുക്കുവാൻ താത്പര്യം ഉണ്ടായിട്ടും അതിനു സ്വാതന്ത്ര്യമില്ലാത്തവരും വിവിധ കാരണങ്ങളാൽ അതിനു കഴിവില്ലാത്തവരുമായ ഞങ്ങളുടെ സഹവിശ്വാസികൾക്കുവേണ്ടി ഞങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുന്നു



***ജനങ്ങൾ:*** **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

**ശുശ്രൂഷകൻ:** യേശുവേ, പെസഹാദിവസം നിന്റെ ശിഷ്യന്മാരുമായി കൂട്ടായ്മ ആചരിക്കുകയും നുറുക്കപ്പെട്ട നിന്റെ ശരീരവും ചീന്തപ്പെട്ട നിന്റെ രക്തവും അവരുമായി പങ്കുവയ്ക്കുകയും അങ്ങനെ അവരുമായി കൂട്ടായ്മ ആചരിക്കുകയും ചെയ്യുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു

***ജനങ്ങൾ:*** **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

**ശുശ്രൂഷകൻ:** ലോകമെമ്പാടും ആഹാരം, പാർപ്പിടം തുടങ്ങി ജീവിതമാർഗത്തിനു വകയില്ലാത്തവർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു

***ജനങ്ങൾ:*** **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

***ശുശ്രൂഷകൻ:*** ഞങ്ങൾ ഉൾപ്പെട്ടിരിക്കുന്ന ദക്ഷിണേന്ത്യസഭയും അതിന്റെ മോഡറേറ്ററും, ഞങ്ങളുടെ മഹായിടവക അദ്ധ്യക്ഷനും, ഞങ്ങളുമായി കൂട്ടായ്മയിൽ പ്രവർത്തിക്കുന്ന ഉത്തരേന്ത്യസഭയും അതിന്റെ മോഡറേറ്ററും, മാർത്തോമ്മാ സഭയും അതിന്റെ മെത്രാപ്പോലീത്തായും, ക്രിസ്തീയസാക്ഷ്യത്തിൽ ശക്തരായിത്തീരേണ്ടതിനു ഞങ്ങൾ പ്രാർത്ഥിക്കുന്നു

***ജനങ്ങൾ:*** **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

***ശുശ്രൂഷകൻ:*** ഞങ്ങളുടെ രാജ്യത്തിനുവേണ്ടിയും ഞങ്ങളുടെ സംസ്ഥാനത്തിനുവേണ്ടിയും ഭരണകർത്താക്കൾക്കുവേണ്ടിയും അവർ സ്ഥാപിതതാത്പര്യമില്ലാതെ ത്യാഗപൂർവ്വം സേവനത്തിന്റെ ആത്മാവിൽ പ്രവർത്തിക്കുവാൻ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

***ജനങ്ങൾ:*** **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

***ശുശ്രൂഷകൻ:*** ഞങ്ങളുടെ ഈ ലോകജീവിതം സുഗമമാക്കുന്നതിനു വിവിധ നിലകളിലും വിവിധ രംഗങ്ങളിലും പ്രവർത്തിക്കുന്ന എല്ലാവർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു

***ജനങ്ങൾ:*** **കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.**

**നമുക്കു പ്രാർത്ഥിക്കാം**

സകല ജ്ഞാനത്തിന്റെയും ഉറവയാകുന്ന ദൈവമേ, ഞങ്ങൾ ചോദിക്കുന്നതിനു മുമ്പേതന്നെ ഞങ്ങളുടെ ആവശ്യങ്ങൾ നീ ഗ്രഹിച്ചിരിക്കുന്നു. ചോദിക്കുന്നതിലുള്ള ഞങ്ങളുടെ അജ്ഞതയും നീ അറിയുന്നു. ഞങ്ങളുടെ അയോഗ്യതമൂലം പല കാര്യങ്ങളും നിന്നോടു ചോദിക്കുവാൻ ഞങ്ങൾ തുനിയുന്നില്ല. ഞങ്ങളുടെ അന്ധതമൂലം പല ആവശ്യങ്ങളും തിരുമുമ്പാകെ സമർപ്പിക്കുവാൻ കഴിയുന്നതുമില്ല. എന്നാൽ ഞങ്ങളുടെ ബലഹീനതകളിൽ മനസ്സലിവുണ്ടായി, ഞങ്ങൾക്കാവശ്യമുള്ളതെല്ലാം ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ യോഗ്യതമൂലം ഞങ്ങൾക്കു തരുവാൻ ഇഷ്ടവുമാകണമെന്നു ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു, ആമേൻ.

**ആശീർവ്വാദം**

*(അപ്പംനുറുക്കൽ ശുശ്രൂഷ )*

---

# വലിയ വെള്ളിയാഴ്ച ശുശ്രൂഷ

Silent Procession

**പാട്ട്**

***ശുശ്രൂഷകൻ:*** ലോകത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി കാൽവറി ക്രൂശിൽ യാഗമായ യേശുക്രിസ്തുവിന്റെ കുരിശിൻചുവട്ടിലേക്കു നമുക്ക് അടുത്തുവരാം. ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിൽ നമുക്കും പങ്കാളികളാകാം. കുരിശിന്റെ ജീവസന്ദേശമുൾക്കൊണ്ടു നമുക്കു ദൈവത്തെ ആരാധിക്കാം.

മനുഷ്യപുത്രൻ ശുശ്രുഷ ചെയ്യിപ്പാനല്ല; ശുശ്രുഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത്. (മർക്കോസ് 10:45)

അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു അവനെ കാണുന്നവർ മുഖം മറച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു. നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു നമ്മുടെ വേദനകളെ അവൻ ചുമന്നു. (യെശ. 53:3-4)

*ശുശ്രൂഷകൻ:* കർത്താവേ, ഞങ്ങളുടെ അധരങ്ങളെ തുറക്കണമേ.

*ജനങ്ങൾ:* **എന്നാൽ ഞങ്ങളുടെ വായ് നിന്റെ സ്തുതിയെ വർണ്ണിക്കും.**

*ശുശ്രൂഷകൻ:* പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും മഹത്വമുണ്ടാകട്ടെ.

*ജനങ്ങൾ:* **ആദിയിങ്കലും ഇപ്പോഴും എന്നേക്കും ഉള്ളപ്രകാരം തന്നെ. ആമേൻ.**

മനുഷ്യവർഗത്തെ രക്ഷിക്കുവാൻ തിരുഹിതപ്രകാരം കഷ്ടതയും കുരിശും സഹിച്ച, ദൈവത്തിന്റെ ഏകജാതനായ പുത്രാ

**നിന്റെ കുരിശിനായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

ഇന്നെന്നപോലെ ഒരു ദിവസം ഞങ്ങളുടെ രക്ഷയ്ക്കായി ക്രൂശിൽ തറയ്ക്കപ്പെട്ടവനും, തന്റെ ജീവനെ പിതാവിന്റെ കൈയിൽ സമർപ്പിച്ചവനും, ഞങ്ങളുടെ നീതീകരണത്തിനായി മഹത്വത്തോടെ ഉയിർത്തെഴുന്നേറ്റവനുമായ കർത്താവേ

**നിന്റെ പീഡാനുഭവത്തിനായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ എന്നു തന്റെ ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിച്ച കർത്താവേ

**നിന്റെ പ്രാർത്ഥനയ്ക്കായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

അനുതപിച്ച കള്ളനോടു, "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കു"മെന്നു അരുളിച്ചെയ്ത കർത്താവേ

**നിന്റെ വാഗ്ദത്തത്തിനായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**



മനുഷ്യബന്ധങ്ങൾക്കു വില കൽപ്പിച്ചു, "സ്ത്രീയേ ഇതാ നിന്റെ മകൻ എന്നും ശിഷ്യനോട് ഇതാ നിന്റെ അമ്മ" എന്നും മനസ്സലിവോടെ ഉച്ചരിച്ച കർത്താവേ

**നീ കൽപ്പിച്ച മനുഷ്യബന്ധങ്ങൾക്കായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

"എന്റെ ദൈവമേ! എന്റെ ദൈവമേ! നീ എന്നെ കൈവിട്ടതെന്ത്" എന്നു നിലവിളിച്ച കർത്താവേ

**കുരിശിലെ നിന്റെ ഏകാന്തതയ്ക്കായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

മനുഷ്യസഹജമായ പാരവശ്യത്തോടെ "എനിക്കു ദാഹിക്കുന്നു"വെന്നു ഉച്ചരിച്ച പൂർണ്ണമനുഷ്യനായ കർത്താവേ

**കുരിശിലെ നിന്റെ ദാഹത്തിനായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

തന്റെ ജീവിതദൗത്യം പൂർത്തിയാക്കിയ കൃതാർത്ഥതയോടെ "നിവൃത്തിയായി" എന്ന ജയഘോഷസ്വരം ഉയർത്തിയ കർത്താവേ

**കുരിശിന്റെ നിവൃത്തിക്കായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.**

"പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കരങ്ങളിൽ ഭരമേൽപ്പിക്കുന്നു"വെന്നു പറഞ്ഞ് തന്റെ ആത്മാവിനെ പിതാവിങ്കൽ ഭരമേൽപ്പിച്ച കർത്താവേ

**നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും എന്നേക്കും മഹത്വമുണ്ടാകട്ടെ.**

*അല്ലെങ്കിൽ*

*ശുശ്രൂഷകൻ:* അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിക്കുവാൻ യോഗ്യൻ

*ജനങ്ങൾ:* **കുഞ്ഞാടിനു മഹത്വമുണ്ടാകട്ടെ.**

*ശുശ്രൂഷകൻ:* സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്ത്വവും ബലവും എന്നെന്നേക്കും ഉണ്ടായിരിക്കട്ടെ.

***ജനങ്ങൾ:* കുഞ്ഞാടിനു മഹത്വമുണ്ടാകട്ടെ.**

*ശുശ്രൂഷകൻ:* അറുക്കപ്പെട്ടവനേ, നീ നിന്റെ രക്തംകൊണ്ടു സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കു വാങ്ങി. നീ സ്തുതിക്കു യോഗ്യൻ ആകുന്നു

***ജനങ്ങൾ:* കുഞ്ഞാടിനു മഹത്വമുണ്ടാകട്ടെ. രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം, ആമേൻ. നമ്മുടെ ദൈവത്തിനു എന്നെന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും ഉണ്ടായിരിക്കട്ടെ, ആമേൻ.**

ക്രിസ്തുയേശുവിൽ പ്രിയമുള്ളവരേ, നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്നവർക്കു ദൈവശക്തിയുമാകുന്ന ക്രൂശിന്റെ വചനം ധ്യാനിക്കുവാൻ നാം ഒരുമിച്ചു വന്നിരിക്കുന്നു. അതിനാൽ നമുക്കു മൗനമായി നമ്മെത്തന്നെ ശോധന ചെയ്യാം.

### അനുതാപ പ്രാർത്ഥന

*(എല്ലാവർക്കും മുട്ടുകുത്താം.)*

*(ഓരോ അപേക്ഷയുടെയും പിന്നാലെ **"പരിശുദ്ധനും നീതിമാനുമായ ദൈവമേ, ബലഹീനരായ ഞങ്ങളോടു കരുണയുണ്ടാകണമേ"** എന്നു പ്രതിവാക്യമായി ചൊല്ലണം.)*

*ശുശ്രൂഷകൻ:* കർത്താവു പറയുന്നു: എന്റെ ജനമേ, ഞാൻ സ്നേഹിക്കുന്ന എന്റെ ജനമേ, ബപ്തീസ്മയിലൂടെ ഞാൻ നിങ്ങളെ അടിമത്തത്തിൽനിന്നു സ്വാതന്ത്ര്യത്തിലേക്കു നയിച്ചു. നിങ്ങളോ, നിങ്ങളുടെ രക്ഷകനെ ക്രൂശിങ്കലേക്കു നയിച്ചു

***ജനങ്ങൾ:* പരിശുദ്ധനും ..................**



*ശുശ്രൂഷകൻ:* കർത്താവു പറയുന്നു: മരുഭൂപ്രയാണത്തിൽ മേഘസ്തംഭമായും അഗ്നിസ്തംഭമായും ഞാൻ നിങ്ങളെ നയിച്ചു. ജീവന്റെ അപ്പമാകുന്ന സ്വർഗീയ മന്നയാൽ ഞാൻ നിങ്ങളെ നിറച്ചു. നിങ്ങളോ, നിങ്ങളുടെ രക്ഷകനെ ക്രൂശിങ്കലേക്കു നയിച്ചു

***ജനങ്ങൾ:* പരിശുദ്ധനും ..................**

*ശുശ്രൂഷകൻ:* കർത്താവു പറയുന്നു: ഏററവും ഉത്തമമായ മുന്തിരിത്തോട്ടമായി ഞാൻ നിങ്ങളെ നട്ടു. ഏകസത്യ മുന്തിരിവള്ളിയിലേക്കു ഞാൻ നിങ്ങളെ കൂട്ടിയോജിപ്പിച്ചു. രക്ഷയുടെ ജീവജലത്താൽ ഞാൻ നിങ്ങളെ നനച്ചു. നിങ്ങളോ, എനിക്കു പുളിച്ച വീഞ്ഞു കുടിക്കുവാൻ തന്നു. കുരിശിൽ ദാഹിച്ചു അവശനായി ഞാൻ കിടന്നു

***ജനങ്ങൾ:* പരിശുദ്ധനും ..................**

*ശുശ്രൂഷകൻ:* കർത്താവു പറയുന്നു: ഞാൻ നിങ്ങൾക്കു രാജകീയ അധികാരവും മോതിരവും പാദരക്ഷകളും നൽകി. നിങ്ങളോ എനിക്കു മുൾക്കിരീടവും ചാട്ടവാറടിയും പരിഹാസവാക്കുകളും നൽകി

***ജനങ്ങൾ:* പരിശുദ്ധനും ..................**

*ശുശ്രൂഷകൻ:* കർത്താവു പറയുന്നു: ഞാൻ സ്വന്തത്തിലേക്കു വന്നു. സ്വന്തമായ നിങ്ങളോ എന്നെ കൈക്കൊണ്ടില്ല. വിശക്കുന്നവനായി വന്നു നിങ്ങൾ എനിക്കു ഭക്ഷിക്കുവാൻ തന്നില്ല. ദാഹിക്കുന്നവനായി വന്നു നിങ്ങൾ എനിക്കു കുടിക്കുവാൻ തന്നില്ല. നഗ്നനായി വന്നു നിങ്ങൾ എനിക്കു ഉടുക്കുവാൻ തന്നില്ല അതിഥിയായി ഞാൻ വന്നു നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല. ഞാൻ രോഗിയും, തടവിലും ആയിരുന്നു നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല

***ജനങ്ങൾ:* പരിശുദ്ധനും ..................**

**പാപമോചന അറിയിപ്പ്** *(എഴുന്നേറ്റു നിന്നുകൊണ്ട്:)*

***ശുശ്രൂഷകൻ:*** നിങ്ങൾ ഇനി പാപത്തിന് അടിമപ്പെടാതെവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു നിങ്ങളുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കയാൽ പാപത്തിൽനിന്നു മോചനം പ്രാപിച്ചിരിക്കുന്നു. നിങ്ങൾ പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസരായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു

***ജനങ്ങൾ:*** **ആമേൻ. ദൈവമേ, നിനക്കു സ്തോത്രം ഉണ്ടാകട്ടെ.**

**വലിയ വെള്ളിയാഴ്ചത്തേക്കുള്ള പ്രത്യേക അപേക്ഷ**

**പാഠം 1:** *(എല്ലാവർക്കും ഇരിക്കാം.)*

**സങ്കീർത്തനം:** *(എല്ലാവരും എഴുന്നേൽക്കണം.)*

**പാഠം 2:** *(എല്ലാവർക്കും ഇരിക്കാം.)*

**നമുക്കു പ്രാർത്ഥിക്കാം**

ദൈവമായ കർത്താവേ, ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തെക്കുറിച്ചും ക്രൂശുമരണത്തെക്കുറിച്ചും ധ്യാനിക്കുവാനായി ഒരുമിച്ചു കൂടിയിരിക്കുന്ന ദൈവജനമാകുന്ന ഞങ്ങളെ കരുണയോടെ നോക്കേണമേ. ഞങ്ങളുടെ രക്ഷയ്ക്കായി ഇന്നെന്നപോലെ ഒരു ദിവസം പാപമില്ലാതിരുന്നിട്ടും കുറ്റക്കാരനെപ്പോലെ വിസ്തരിക്കപ്പെടുകയും, മുൾക്കിരീടം ശിരസ്സിൽ വഹിക്കുകയും, കാൽവറി ക്രൂശിൽ മരിക്കുകയും ചെയ്തുവല്ലോ. കാൽവറി ക്രൂശിൽ വെളിപ്പെട്ട വീണ്ടെടുപ്പു സ്നേഹത്തെക്കുറിച്ചുള്ള ആഴമേറിയ ദർശനം ഞങ്ങൾക്കു നൽകി ക്രൂശിന്റെ വെളിച്ചത്തിൽ ഞങ്ങളെത്തന്നെ വ്യക്തമായി കാണുവാൻ ഞങ്ങളുടെ ഹൃദയകണ്ണുകളെ പ്രകാശിപ്പിക്കേണമേ. സത്യ അനുതാപത്തോടു



കൂടെ നിങ്കലേക്ക് അടുത്തുവരുവാനും, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും നിന്നിൽ ശരണം പ്രാപിച്ചു സമാധാനത്തോടെ ജീവിക്കുവാനും ഞങ്ങൾക്കു കൃപ തരേണമേ.

**നിന്റെ കുരിശുകൊണ്ടും നിന്റെ വിലയേറിയ രക്തം കൊണ്ടും ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷിതായുള്ളോവേ, ഞങ്ങളെ രക്ഷിച്ചു സഹായിക്കേണമേ. ആമേൻ.**

ദൈവമായ കർത്താവേ, ഇന്നു ലോകമെങ്ങും കുരിശിന്റെ ചുവട്ടിൽ കൂടിയിരിക്കുന്ന ദൈവജനത്തെ സകല അന്ധതകളിൽനിന്നും കാത്തുകൊള്ളേണമേ. ദിവ്യസ്നേഹത്താൽ എല്ലാവരെയും രൂപാന്തരപ്പെടുത്തി നിങ്കലേക്ക് അടുപ്പിക്കേണമേ. നിന്റെ കുരിശിൽ പ്രശംസിക്കുവാനും, ദൈവമഹത്വം ദർശിക്കുവാനും, നിന്റെ പുനരുത്ഥാനത്തെ വാഴ്ത്തിപ്പുകഴ്ത്തുവാനും നിന്റെ ജനങ്ങൾക്കു കൃപ നൽകേണമേ. കർത്താവായ യേശുക്രിസ്തു ക്രൂശിലൂടെ വിളംബരം ചെയ്ത രക്ഷയെ വിശ്വാസത്താൽ അനുഭവമാക്കുവാനും ഞങ്ങളെ തുണയ്ക്കേണമേ.

**നിന്റെ കുരിശുകൊണ്ടും നിന്റെ വിലയേറിയ രക്തം കൊണ്ടും ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷിതായുള്ളോവേ, ഞങ്ങളെ രക്ഷിച്ചു സഹായിക്കേണമേ. ആമേൻ.**

*(എല്ലാവരുംകൂടെ പ്രാർത്ഥിക്കേണ്ടത്:)*

**പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏക ദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ വീണ്ടെടുപ്പുകാരനായ കർത്താവേ, കുരിശിന്റെ ചുവട്ടിലെ ഞങ്ങളുടെ ധ്യാനം നിന്റെ മുമ്പാകെ പ്രസാദകരമായിരിക്കേണമേ. ക്രിസ്തുവേ, നിന്റെ ആത്മാവിനാൽ ഞങ്ങളെ വിശുദ്ധീകരിക്കേണമേ. നിന്റെ മുറിവുകളിൽ ഞങ്ങളെ മറച്ചുകൊള്ളേണമേ. നിന്റെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളെ ബലപ്പെടുത്തേണമേ. നിങ്കൽനിന്നും പിരിഞ്ഞു പോകുവാൻ ഞങ്ങളെ ഒരുനാളും അനുവദിക്കരുതേ. ആമേൻ.**

**പാട്ട്**

**കുരിശിൽനിന്നുള്ള വചനങ്ങളെ ആസ്പദമാക്കിയുള്ള ധ്യാനം**

**(1) ഒന്നാം പ്രസംഗം**

*"പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമെ."* *(ലൂക്കോസ് 23:32-34)*

*(നാം ശ്രവിച്ച ദൈവവചനത്തെ ധ്യാനിച്ച് മൗനമായിട്ടു നമുക്കു പ്രാർത്ഥിക്കാം.)*

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ഞങ്ങളുടെ നിലവിളിയും തിരുസന്നിധിയിൽ വരുമാറാകട്ടെ.**

ശത്രുക്കളുടെ അറിവില്ലായ്മ ക്ഷമിക്കണമെന്നു പിതാവായ ദൈവത്തോടു പ്രാർത്ഥിച്ച കർത്താവിന്റെ മാതൃക അനുകരിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ.

**കൃപയുള്ള രക്ഷകനേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.**

ജീവിതത്തിൽ അകാരണമായി അനുഭവിക്കുന്ന നൊമ്പരങ്ങളിൽ ഞങ്ങൾ തളർന്നുപോകയോ, പൊട്ടിത്തെറിക്കയോ ചെയ്യാതെ, അത്തരം അനുഭവങ്ങളെ സമചിത്തതയോടെ അഭിമുഖീകരിക്കുവാൻ ഞങ്ങളുടെ രക്ഷകനായ യേശുവിനെപ്പോലെ ഞങ്ങളെയും സഹായിക്കേണമേ.

**കൃപയുള്ള രക്ഷകനേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.**

ആദ്യരക്തസാക്ഷിയായ സ്തെഫാനൊസ്, തന്നെ കല്ലെറിഞ്ഞവരുടെ പാപം അവരുടെമേൽ നിറുത്തരുതേ എന്നു പ്രാർത്ഥിച്ചതുപോലെ ഞങ്ങളും ശത്രുക്കൾക്കും, ഉപദ്രവക്കാർക്കും, ദൂഷണക്കാർക്കുംവേണ്ടി പ്രാർത്ഥിക്കുമ്പോൾ അവരുടെ കുറ്റങ്ങൾ ക്ഷമിച്ചു സത്യ മാനസാന്തരത്തിലേക്ക് അവരെ നയിക്കുവാൻ നിനക്കിഷ്ടമുണ്ടാകേണമേ.



**കൃപയുള്ള രക്ഷകനേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.**

പ്രാർത്ഥന

*(എല്ലാവരും ചേർന്ന്:)*

**വേദനയുടെ പാരമ്യത്തിലും വേദനിപ്പിക്കുന്നവരോടു ക്ഷമിച്ച പരമദയാലുവായ യേശുവേ, നിന്റെ മാതൃകാപരമായ സ്നേഹം ഉൾക്കൊള്ളുവാൻ ഞങ്ങളെ സഹായിക്കേണമേ. വേദനിപ്പിക്കുന്നവരെയും പീഡിപ്പിക്കുന്നവരെയും മനസ്സു തുറന്നു സ്നേഹിക്കുവാനുള്ള കൃപ നീ ഞങ്ങളിൽ നിറയ്ക്കേണമേ. പകയുടെയും വിദ്വേഷത്തിന്റെയും പാതയിൽ നിന്നകന്നു ക്ഷമയുടെയും സ്നേഹത്തിന്റെയും മാർഗത്തിലൂടെ സഞ്ചരിക്കുവാൻ സ്നേഹസ്വരൂപനായ ദൈവമേ, നീ ഞങ്ങളെ സഹായിക്കേണമേ, ആമേൻ.**

പാട്ട്

**(2) രണ്ടാം പ്രസംഗം**

*"ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും."*

*(ലൂക്കോസ് 23:43)*

*(നാം ശ്രവിച്ച ദൈവവചനത്തെ ധ്യാനിച്ച് മൗനമായിട്ടു നമുക്കു പ്രാർത്ഥിക്കാം.)*

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ഞങ്ങളുടെ നിലവിളിയും തിരുസന്നിധിയിൽ വരുമാറാകട്ടെ.**

കുരിശിലെ അനുതപിച്ച കള്ളനെപ്പോലെ ഞങ്ങൾക്കു സത്യ അനുതാപം തരുവാനും, ഞങ്ങളുടെ പാപങ്ങളും ഉപേക്ഷകളും അറിയായ്മകളും എല്ലാം ക്ഷമിക്കുവാനും, ഞങ്ങളുടെ ജീവിതത്തെ വിശുദ്ധ വചനപ്രകാരം പവിത്രമാക്കുവാനും, കൃപ ചെയ്യേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

ദൈവരാജ്യത്തെപ്പറ്റിയുള്ള ഞങ്ങളുടെ വികലമായ കാഴ്ചപ്പാടുകൾ അകറ്റി, ദൈവരാജ്യം പകരുന്ന സ്നേഹത്തിന്റെ ഊർജം സ്വാംശീകരിക്കുകയും പകരുകയും ചെയ്യുന്ന ഇടങ്ങളായിരിക്കുവാൻ ഞങ്ങൾക്കു കൃപ തരേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

ഭീകരപ്രവർത്തനങ്ങളിലും വിധ്വംസകപ്രവൃത്തികളിലും ഏർപ്പെട്ടിരിക്കുന്നവർ അവയെ ഉപേക്ഷിച്ച് സമാധാന മാർഗത്തിലേക്കു തിരിഞ്ഞ്, മാനവനന്മ വിഭാവനം ചെയ്യുന്ന നവലോകനിർമ്മിതിയിൽ പങ്കാളികളാകേണ്ടതിനു സഹായിക്കേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

### പ്രാർത്ഥന

*(എല്ലാവരും ചേർന്ന്:)*

**പാപത്തെ വെറുക്കുന്നവനെങ്കിലും പാപികളെ സ്നേഹിക്കുന്നവനായ ദൈവമേ, ആത്മാർത്ഥമായി അനുതപിക്കുന്നവരോടു മനസ്സലിയുന്ന നിന്റെ കരുണയ്ക്കായി ഞങ്ങൾ സ്തോത്രം ചെയ്യുന്നു. മുമ്പേ ദൈവരാജ്യവും നീതിയും അന്വേഷിക്കുവാൻ ഞങ്ങളോടു കൽപ്പിച്ച കർത്താവേ, നിന്റെ രാജ്യം ഞങ്ങളുടെ ആത്യന്തിക പ്രത്യാശയാകുന്നു എന്നു തിരിച്ചറിയുവാനുള്ള അഭിവാഞ്ഛ ഞങ്ങളിൽ ജനിപ്പിക്കേണമേ. രക്ഷയ്ക്കായി കാംക്ഷിക്കുന്നവരെ നിന്നോടുകൂടെ വസിക്കുമാറാക്കുന്നവനേ, നിന്റെ സന്നിധിയിൽ ഞങ്ങളെയും ചേർത്തുകൊള്ളുവാൻ നിനക്ക് ഇഷ്ടമുണ്ടാകേണമേ, ആമേൻ.**



**പാട്ട്**

**(3) മൂന്നാം പ്രസംഗം**

*"സ്ത്രീയേ, ഇതാ നിന്റെ മകൻ." ശിഷ്യനോട്: "ഇതാ, നിന്റെ അമ്മ." (യോഹന്നാൻ 19:26, 27)*

*(നാം ശ്രവിച്ച ദൈവവചനത്തെ ധ്യാനിച്ച് മൗനമായിട്ടു നമുക്കു പ്രാർത്ഥിക്കാം.)*

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ഞങ്ങളുടെ നിലവിളിയും തിരുസന്നിധിയിൽ വരുമാറാകട്ടെ.**

മനുഷ്യബന്ധങ്ങളുടെ ഊഷ്മളത കുരിശിന്റെ വേദനകൾക്കുപോലും അടർത്താനാവാത്തവിധം സംരക്ഷിച്ച കർത്താവായ യേശുവേ, ഞങ്ങളുടെ സ്നേഹബന്ധങ്ങളെ എക്കാലവും ജാഗ്രതയോടെ സൂക്ഷിക്കുവാൻ ചുമതലകളുടെയും കടപ്പാടുകളുടെയും ഉൾക്കാഴ്ചയാൽ ഞങ്ങളെ സ്നേഹ സാന്ദ്രമാക്കേണമേ.

**സ്നേഹവാനായ കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**

മനസ്സലിവുള്ളവനായ കർത്താവേ, കച്ചവടവൽക്കരിക്കപ്പെട്ട മനുഷ്യബന്ധങ്ങളെ രൂപാന്തരപ്പെടുത്തി, ആദിമസഭയെപ്പോലെ കരുതലുള്ള സമൂഹമായി ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ.

**സ്നേഹവാനായ കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**

മക്കളുടെ സ്നേഹവും പരിചരണവും നിഷേധിക്കപ്പെട്ട വൃദ്ധ മാതാപിതാക്കന്മാർക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവരുടെ ഏകാന്തതയിൽ സാന്നിദ്ധ്യമേകുവാൻ ഞങ്ങളെ തുണയ്ക്കേണമേ. അവരോടുള്ള കടപ്പാടുകളുടെ ഉൾക്കാഴ്ചയാൽ മക്കളുടെ മനസ്സുകളെ പ്രകാശിപ്പിക്കേണമേ.

**സ്നേഹവാനായ കർത്താവേ, ഞങ്ങളെ കേൾക്കേണമേ.**

### പ്രാർത്ഥന

*(എല്ലാവരും ചേർന്ന്:)*

**മനുഷ്യാവതാരത്താൽ കുടുംബജീവിതത്തെ വിശുദ്ധീകരിക്കുകയും എല്ലാ ഭൗതിക ബന്ധങ്ങളെയും അനുഗ്രഹിക്കുകയും ചെയ്ത വാഴ്ത്തപ്പെട്ട രക്ഷിതാവേ, ഞങ്ങളുടെ കുടുംബങ്ങളെയും കുടുംബാംഗങ്ങളെയും കടാക്ഷിക്കേണമേ. ഞങ്ങളുടെ മാതാപിതാക്കളെയും സ്നേഹാദരവുകൾ അർഹിക്കുന്ന എല്ലാവരെയും തൃക്കരങ്ങളിൽ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. ബന്ധങ്ങൾക്കു ഇളക്കംതട്ടുന്ന വർത്തമാനകാല സമൂഹത്തിൽ കടമകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. മനുഷ്യസമൂഹമാകുന്ന വിശാല കുടുംബത്തിലുള്ളവരുടെ വേദനകൾ സ്വന്തം നൊമ്പരങ്ങളായി തിരിച്ചറിഞ്ഞു പ്രവർത്തിക്കുവാനുള്ള സന്നദ്ധതയാൽ ഞങ്ങളെ നയിക്കണമെന്നു നിന്നോടപേക്ഷിക്കുന്നു, ആമേൻ.**

**പാട്ട്:**

**(4) നാലാം പ്രസംഗം**

*"എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?"*
*(മർക്കോസ് 15:34)*

*(ശ്രവിച്ച ദൈവവചനത്തെ ധ്യാനിച്ച് മൗനമായിട്ട് നമുക്കു പ്രാർത്ഥിക്കാം.)*

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ഞങ്ങളുടെ നിലവിളിയും തിരുസന്നിധിയിൽ വരുമാറാകട്ടെ.**

എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത് എന്നു നിലവിളിച്ച കർത്താവേ, ദൈവസാന്നിദ്ധ്യത്തെ സംശയിക്കാവുന്ന സാഹചര്യങ്ങളിൽനിന്നു ഞങ്ങളെ കാത്തുകൊള്ളേണമേ.



**കൃപയുള്ള കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.**

ഞങ്ങളുടെ ആപത്തുകാലത്തു ദൈവസ്നേഹത്തെ സംശയിക്കാതിരിക്കുവാനും, ഐശ്വര്യകാലത്തു ദൈവത്തിൽനിന്നു അകന്നുപോകാതിരിക്കുവാനും ഞങ്ങളെ ശക്തീകരിക്കേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.**

നിരാശിതരും ഭയത്തിലും സംശയത്തിലും കഴിയുന്നവരും തിരുവചനത്തിൽ പ്രചോദനം കണ്ടെത്തുവാനും, ദൈവാശ്രയത്താൽ ശക്തിപ്പെടുവാനും, അവൻ എന്നെ കൊന്നാലും ഞാൻ അവനെ കൈവിടുകയില്ലെന്നു ഇയ്യോബിനെപ്പോലെ പ്രഖ്യാപിക്കുവാനും ഞങ്ങളെ സഹായിക്കേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.**

### പ്രാർത്ഥന

*(എല്ലാവരും ചേർന്ന്:)*

**ബലവാനായിരുന്നിട്ടും ഞങ്ങൾക്കുവേണ്ടി ബലഹീനനായിത്തീർന്ന ദൈവമേ, ഞങ്ങളുടെ ഈ ലോകജീവിതയാത്രയിലെ ബലഹീന നിമിഷങ്ങളിൽ താങ്ങായും തണലായും നിന്റെ സാന്നിദ്ധ്യം ഞങ്ങൾക്കു നൽകേണമേ. നിൽക്കുന്നവരെ ബലപ്പെടുത്തുന്നവനും, മനസ്സുറപ്പില്ലാത്തവർക്ക് ആശ്രയം ഏകുന്നവനും, വീഴുന്നവരെ എഴുന്നേൽപ്പിക്കുന്നവനും ആയ ദൈവമേ, ഞങ്ങളുടെ ജീവിതത്തിന്റെ നിർണ്ണായക ഘട്ടങ്ങളിൽ അഭിമുഖീകരിക്കേണ്ടിവരുന്ന ന്യായമായതും അല്ലാത്തതുമായ പ്രതികുലങ്ങളും പ്രതിസന്ധികളും അതിജീവിക്കുവാനുള്ള മനഃസാന്നിദ്ധ്യവും ഞങ്ങൾക്കു നൽകേണമേ, ആമേൻ.**

**പാട്ട്**

(5) അഞ്ചാം പ്രസംഗം

*"എനിക്കു ദാഹിക്കുന്നു."* *(യോഹന്നാൻ 19:28)*

*(ശ്രവിച്ച ദൈവവചനത്തെ ധ്യാനിച്ച് മൗനമായിട്ട് നമുക്കു പ്രാർത്ഥിക്കാം.)*

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ഞങ്ങളുടെ നിലവിളിയും തിരുസന്നിധിയിൽ വരുമാറാകട്ടെ.**

മാനുഷിക ആവശ്യങ്ങൾ ഉൾക്കൊണ്ട് എനിക്കു ദാഹിക്കുന്നുവെന്ന് ഉച്ചരിച്ച പൂർണ്ണമനുഷ്യനായ കർത്താവേ, ഞങ്ങളോടു മനസ്സലിയേണമേ.

**കർത്താവേ, ഞങ്ങളോടു കനിയേണമേ.**

ശരീരത്തിലോ മനസ്സിലോ കഷ്ടപ്പെടുന്ന എല്ലാവരോടും കരുണയുണ്ടായി, വേദനകളെ സഹിക്കുവാൻ അവർക്കു വിശ്വാസവും ക്ഷമയും നൽകുവാൻ തിരുവിഷ്ടമുണ്ടാകേണമേ.

**കർത്താവേ, ഞങ്ങളോടു കനിയേണമേ.**

സർവ്വസൃഷ്ടിയുടെയും ഐക്യം ദൈവഹിതമാകയാൽ സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കുവാൻ ക്ഷമയോടെ കാത്തിരിക്കുവാൻ ഞങ്ങളെ പ്രത്യാശയിൽ നിലനിർത്തേണമേ.

**കർത്താവേ, ഞങ്ങളോടു കനിയേണമേ.**

പ്രാർത്ഥന

*(എല്ലാവരും ചേർന്ന്:)*

**കഷ്ടപ്പെടുന്ന ദാസനായ കർത്താവായ യേശുവേ, ആദ്ധ്യാത്മിക ഉണർവിനായും സാമൂഹിക നീതിക്കായും അദമ്യമായ ദാഹത്തോടെ പ്രവർത്തിച്ച നിന്റെ പ്രാണവേദനയും ശാരീരിക ദാഹവും ലോകത്തിന്റെ വീണ്ടെടുപ്പിനു**



**വേണ്ടിയുള്ള പിതാവിന്റെ ഇഷ്ടം നിവർത്തിക്കുന്നതിലുള്ള നിന്റെ സമർപ്പണത്തെ വെളിപ്പെടുത്തുന്നതിനായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. നിന്റെ കഷ്ടപ്പാടിന്റെ പുണ്യങ്ങളാൽ ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിച്ച്, മാനവസമൂഹത്തിന്റെ രക്ഷയ്ക്കുവേണ്ടി വാഞ്ഛിക്കുവാനും പ്രാർത്ഥിക്കുവാനും പ്രയത്നിക്കുവാനും ഞങ്ങളെ മനസ്സുള്ളവരാക്കേണമേ. നീ സ്നേഹിച്ച ലോകത്തെ സ്നേഹിക്കുവാനും, നിന്റെ ജനത്തെ ശുശ്രൂഷിക്കുവാനും, കഷ്ടതകൾ ശിഷ്യത്വത്തിന്റെ ഭാഗമായി കാണുവാനും കഷ്ടതകൾ സഹിച്ചുകൊണ്ടു ദൗത്യത്തിൽ മുന്നേറിയ നിന്നെ മാതൃകയാക്കി ജീവിക്കുവാനും ഞങ്ങൾക്കു സഹായിക്കേണമേ, ആമേൻ.**

പാട്ട്

(6) ആറാം പ്രസംഗം

*"നിവൃത്തിയായി."* *(യോഹന്നാൻ 19:30)*

*(ശ്രവിച്ച ദൈവവചനത്തെ ധ്യാനിച്ച് മൗനമായിട്ട് നമുക്കു പ്രാർത്ഥിക്കാം.)*

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ഞങ്ങളുടെ നിലവിളിയും തിരുസന്നിധിയിൽ വരുമാറാകട്ടെ.**

കൃതാർത്ഥതയോടെയും ആത്മാഭിമാനത്തോടെയും തന്റെ ജീവിത ദർശനം നിവൃത്തിയാക്കിയ നമ്മുടെ കർത്താവായ യേശുവിനെപ്പോലെ, സന്തോഷത്തോടും സംതൃപ്തിയോടും കൂടെ ഞങ്ങളുടെ ജീവിതയാത്ര പൂർത്തീകരിക്കുവാൻ ഞങ്ങൾക്കു കൃപ തരേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

ജീവസന്ധാരണത്തിനായി ധാർമ്മികമാർഗം കൈവിടാതെയിരിക്കുവാനും പ്രവൃത്തി ആരാധനയായി രൂപാന്തര

പ്പെടുത്തി ഞങ്ങളുടെ എല്ലാ പ്രവൃത്തിയും നിന്നിൽ നിവൃത്തിയാക്കുവാനും ഞങ്ങൾക്കു സഹായിക്കേണമേ

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

ഞങ്ങളുടെ മുറിവുകളെ ഗണ്യമാക്കാതെ പോരാടുവാനും സ്വസ്ഥതയ്ക്കായി കാംക്ഷിക്കാതെ അദ്ധ്വാനിക്കുവാനും, തിരുഹിതം ചെയ്യുന്നതിൽമാത്രം ജീവിതസന്തോഷം കണ്ടെത്തുവാനും ഞങ്ങൾക്ക് ഇടയാക്കേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

പ്രാർത്ഥന

*(എല്ലാവരും ചേർന്ന്:)*

**പിതാവിന്റെ ഹിതം നിവർത്തിക്കുന്നതിൽ അന്ത്യത്തോളം ഉത്സാഹിച്ച ദൈവപുത്രാ, ഏതെങ്കിലും ഒരു പ്രവൃത്തി ഏറ്റെടുക്കുന്നതിനായി നീ ഞങ്ങളെ വിളിക്കുമ്പോൾ അതു ഭംഗിയായി പൂർത്തീകരിക്കുന്നതുവരെയും സ്ഥിരോത്സാഹത്തോടെ പ്രവർത്തിക്കുവാൻ ഞങ്ങൾക്കു കൃപ നൽകേണമേ. സമ്മർദ്ദത്താലോ, പ്രലോഭനത്താലോ ദൗത്യ നിർവ്വഹണത്തിനു വീഴ്ചയോ വിഘ്നമോ സംഭവിക്കുവാൻ ഇടയാക്കരുതേ. വിളിച്ച ദൈവം വിശ്വസ്തൻ എന്ന് എണ്ണുവാനും ഏറെറടുക്കുന്ന ഉത്തരവാദിത്വം ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു താത്പര്യത്തോടും സമർപ്പണത്തോടും ആത്മാർത്ഥതയോടും നിർവ്വഹിക്കുവാൻ കൃപ നൽകേണമേ, ആമേൻ.**

**പാട്ട്**

**(7) ഏഴാം പ്രസംഗം**

*"പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏൽപ്പിക്കുന്നു."* *(ലൂക്കോസ് 23:46)*

*(ശ്രവിച്ച ദൈവവചനത്തെ ധ്യാനിച്ച് മൗനമായിട്ട് നമുക്കു പ്രാർത്ഥിക്കാം.)*



കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ഞങ്ങളുടെ നിലവിളിയും തിരുസന്നിധിയിൽ വരുമാറാകട്ടെ.**

പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കരങ്ങളിൽ ഭരമേൽപ്പിക്കുന്നുവെന്നു പറഞ്ഞു തന്റെ ആത്മാവിനെ പിതാവിങ്കൽ ഭരമേൽപ്പിച്ച യേശുവിനെപ്പോലെ നിശ്ചയദാർഢ്യത്തോടെ ജീവിതാന്ത്യത്തെ നേരിടുവാൻ ഞങ്ങളെ ശക്തീകരിക്കേണമേ

**കൃപയുള്ള കർത്താവേ, കനിയേണമേ.**

ഭാരങ്ങളിലും നിരാശയിലും കഴിയുന്നവരും രോഗാവസ്ഥയിൽ ആയിരിക്കുന്നവരും ജീവിതാന്ത്യത്തോട് അടുത്തിരിക്കുന്നവരും തങ്ങളുടെ ജീവിതാവസ്ഥയിൽ നിന്നിൽ ആശ്രയവും പ്രത്യാശയും കണ്ടെത്തുന്നതിനും ജീവിക്കുന്നതു ലാഭവും ക്രിസ്തുവിനോടു ചേരുന്നതു ശ്രേഷ്ഠവും എന്നെണ്ണുവാനും അവരെ ശക്തീകരിക്കണമേ

**കൃപയുള്ള കർത്താവേ, കനിയേണമേ.**

മരണത്തിനു ക്രിസ്തുവിൽ നിന്നും ഞങ്ങളെ വേർപെടുത്തുവാൻ കഴിയാത്തതിനാൽ ജീവിക്കുമ്പോൾ ക്രിസ്തുവിനു വേണ്ടി ജീവിക്കുവാനും മരിക്കുമ്പോൾ ഞങ്ങളുടെ ആത്മാക്കളെ ക്രിസ്തുവിൽ ഭരമേൽപ്പിക്കുവാനും ഞങ്ങളെ ശക്തീകരിക്കണമേ

**കൃപയുള്ള കർത്താവേ, കനിയേണമേ.**

*(എല്ലാവരും ചേർന്ന്:)*

**ജീവന്റെയും മരണത്തിന്റെയും അധിനായകനായ ദൈവമേ, ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും സംതൃപ്തിയോടെ ആയിരിക്കുവാൻ സഹായിക്കേണമേ. ഈ ജീവിതം നിന്റെ ദാനമാണെന്നും അതു ഫലവത്തായി ജീവിക്കണമെന്നു നീ ഉദ്ദേശിക്കുന്നുവെന്നും ഞങ്ങൾ അറിയുന്നു. സ്ഥിരതയോടുകൂടെ ഓടി ഏററവും സംതൃപ്തിയോടുകൂടെ നിന്റെ സന്നിധിയിൽ വിശ്രമിക്കുവാനും ഞങ്ങൾക്കു കൃപ നൽകേണമേ, ആമേൻ.**

**അപ്പൊസ്തലവിശ്വാസപ്രമാണം** *(പേജ് 59)*

**പാട്ട്**

**ലിത്താനി** *(പേജ് 61)*

മനുഷ്യവർഗത്തിന്റെ രക്ഷയ്ക്കായി കുരിശിൽ തറയ്ക്കപ്പെട്ട ഞങ്ങളുടെ കർത്താവായ യേശുമശിഹായേ, നിന്റെ രക്ഷാകരമായ കഷ്ടാനുഭവവും ജീവൻ ചൊരിയുന്ന മരണവും ഞങ്ങൾക്കു സമാധാനത്തിന്റെ മുദ്രയും ജയത്തിന്റെ കൊടിയും രക്ഷയുടെ പ്രത്യാശയുമായി ഭവിക്കുമാറാകേണമേ. ജഡത്തെ അതിന്റെ രാഗമോഹങ്ങളോടെ ദിനവും ക്രൂശിക്കുവാൻ ഞങ്ങൾക്കു കൃപ നൽകേണമേ. പഴയ മനുഷ്യന്റെ പാപോല്ലാസത്തെ ഞങ്ങളിൽ മരിപ്പിക്കുവാനും, നിന്നിൽ ദിനംതോറും ജീവിക്കുവാനും തക്കവണ്ണം തകർന്ന ഹൃദയത്തിനും വിനയമുള്ള ആത്മാവിനും വിശുദ്ധിയുള്ള ജീവിതത്തിനും ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. നിർമ്മലമായ ജീവിതത്തിനു ഞങ്ങളെ ഉടമകളാക്കേണമേ. നിന്റെ വീണ്ടുംവരവിങ്കൽ നിന്നെ എതിരേൽക്കുവാൻ, വിളക്കിൽ എണ്ണയുണ്ടായിരുന്ന കന്യകമാരെപ്പോലെ ഞങ്ങളെയും യോഗ്യരാക്കിത്തീർക്കുകയും ചെയ്യുവാൻ നിനക്ക് ഇഷ്ടമുണ്ടാകണമെന്ന് ഏറ്റവും വിനയമായി ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

എല്ലാവരുടെയും ജീവനും പ്രത്യാശയുമാകുന്ന കർത്താവേ, ഈ വലിയ വെള്ളിയാഴ്ച ഏകമനസ്സോടെ ഞങ്ങളുടെ അപേക്ഷകളെയും യാചനകളെയും തിരുസന്നിധിയിൽ അറിയിക്കുവാൻ നീ ഞങ്ങൾക്കു കൃപ നൽകിയിരിക്കുന്നുവല്ലോ. രണ്ടോ മൂന്നോ പേർ തിരുനാമത്തിൽ കൂടുമ്പോൾ അവരുടെ അപേക്ഷകളിൻപ്രകാരം ഉത്തരമരുളും എന്നു വാഗ്ദത്തവും ചെയ്തിരിക്കുന്നു. കർത്താവേ, ഞങ്ങളുടെ ആഗ്രഹങ്ങളെയും അപേക്ഷകളെയും തിരുഹിതത്തിനനുസൃതമായി പൂർത്തീകരിച്ചു, ഇഹലോകത്തിൽ സത്യത്തിന്റെ പരിജ്ഞാനവും വരുവാനുള്ള ലോകത്തിൽ നിത്യജീവനും ഞങ്ങൾക്കു തരേണമേ. **ആമേൻ.**

**അറിയിപ്പുകൾ**



**പാട്ട്** *(സ്തോത്രവഴിപാട് ശേഖരണം)*

ദൈവസ്വരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ ദാസരൂപം എടുത്തു തന്നത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിരുന്ന ഞങ്ങളുടെ കർത്താവേ, നിന്നെ അനുസരിക്കുന്നതിൽ ഞങ്ങളുടെ ആനന്ദം കണ്ടെത്തുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ സ്തോത്രം, കാഴ്ചയായി തിരുമുമ്പിൽ സമർപ്പിക്കുമ്പോൾ ഞങ്ങൾ ഞങ്ങളെത്തന്നെയും ദിവ്യഹിതത്തിനായി സമർപ്പിക്കുന്നു. രക്ഷയുടെ അനുഭവത്തിൽ നിന്നെ അനുഗമിക്കുവാനും ക്രൂശിന്റെ മാർഗത്തിലൂടെ ലോകത്തെ രക്ഷയിലേക്കു നയിക്കുവാനും ഞങ്ങളെ പ്രാപ്തിയുള്ളവരാക്കിത്തീർക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

**കർത്താവിന്റെ പ്രാർത്ഥന** *(പേജ് 66)*

### ആശീർവ്വാദം

സമാധാനത്തോടെ ലോകത്തിലേക്കു പുറപ്പെട്ടു പോകുവിൻ. ധൈര്യപ്പെട്ടിരിക്കുവിൻ, നല്ലതിനെ മുറുകെ പിടിക്കുവിൻ, ആർക്കും തിന്മയ്ക്കുപകരം തിന്മ ചെയ്യാതിരിക്കുവിൻ, മനസ്സുറപ്പില്ലാത്തവരെ ശക്തിപ്പെടുത്തുകയും ബലഹീനരെ താങ്ങുകയും ഞെരുക്കമുള്ളവരെ സഹായിക്കുകയും ചെയ്യുവിൻ. എല്ലാവരെയും ബഹുമാനിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ഉല്ലസിച്ചുകൊണ്ടു കർത്താവിനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുവിൻ. ഇങ്ങനെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ള സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളുടെ ഇടയിൽ ഉണ്ടായി നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ. **ആമേൻ.**

Silent Recession

# ഉയിർപ്പുഞായർ ആരാധന

പ്രാർത്ഥന

പാട്ട്

*ശുശ്രൂഷകൻ:* ക്രിസ്തുയേശുവിൽ പ്രിയ സഹോദരങ്ങളേ, നമ്മുടെ കർത്താവായ യേശു മരണത്തിൽനിന്നും ജീവനിലേക്കു കടന്ന ഈ ദിനത്തിൽ, ഉത്ഥിതനായ ക്രിസ്തു ലോകമെങ്ങുമുള്ള ജനങ്ങളെ പ്രാർത്ഥനയിൽ ഒരുമിച്ചു വരുവാൻ ക്ഷണിക്കുന്നു. എന്തെന്നാൽ, നമ്മുടെ കർത്താവിന്റെ മരണത്തിന്മേലുള്ള വിജയത്തിൽ വചന ധ്യാനത്തിലൂടെയും സക്രമെന്തുകളുടെ ആചരണത്തിലൂടെയും നാം പങ്കാളികളാകുന്ന പെസഹയാകുന്നു ഈ ദിവസം.

**നമുക്ക് പ്രാർത്ഥിക്കാം**

തന്റെ ഏകസത്യവെളിച്ചത്താൽ ഈ വിശുദ്ധദിനത്തെ പ്രഭാപൂർണ്ണമാക്കിയ നിത്യനാം ദൈവമേ, നിന്റെ സ്നേഹാഗ്നി ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിലൂടെ ഞങ്ങളിൽ ജ്വലിപ്പിക്കുകയും, ഞങ്ങളെ നിന്റെ സ്വർഗീയ മഹത്വത്തിന്റെ തേജസ്സിലേക്കു ചേർക്കുകയും ചെയ്യേണമേ, **ആമേൻ.**



ക്രിസ്തു ഇന്നലെയും ഇന്നും, ആൽഫയും ഒമേഗയും ആകുന്നു; എല്ലാ കാലവും എല്ലാ യുഗങ്ങളും അവനുള്ളതു; അവനു എല്ലാ കാലത്തിലും എന്നേക്കും മഹത്വവും അധികാരവും ഉണ്ടായിരിക്കട്ടെ, **ആമേൻ.**

സ്വർഗീയാധികാരങ്ങളേ, സന്തോഷിക്കുക! ദൂതഗണങ്ങളേ, പാടിയാർക്കുക! ദൈവസിംഹാസനത്തിൻ ചുററുമുള്ള സകല സൃഷ്ടികളുമേ ആർത്തുല്ലസിക്കുക! നമ്മുടെ രാജാവായ യേശുക്രിസ്തു ഉയർത്തിരിക്കുന്നു.

**ഹല്ലേലുയ്യ! ക്രിസ്തു ഉയിർത്തിരിക്കുന്നു.**

രക്ഷയുടെ കാഹളം മുഴക്കുവിൻ; ഭൂമിയേ നിന്റെ രാജാവിന്റെ പ്രഭാപൂരത്തിൽ ആനന്ദിക്കുക.

**ഹല്ലേലുയ്യാ! ക്രിസ്തു ഉയിർത്തിരിക്കുന്നു.**

ക്രിസ്തു വിജയിച്ചിരിക്കുന്നു; മഹത്വം നിറയുന്നു; അന്ധകാരം എന്നേക്കുമായി അപ്രത്യക്ഷമാകുന്നു; സഭയേ ആനന്ദിക്കുക; മഹത്വത്തിൽ ഉല്ലസിക്കുക.

**ഹല്ലേലുയ്യാ! ക്രിസ്തു ഉയിർത്തിരിക്കുന്നു.**

പുനരുത്ഥാനം ചെയ്ത രക്ഷിതാവു പ്രഭ ചൊരിയുന്നു. നമുക്കും ദൈവത്തിന്റെ സർവ്വജനത്തിന്റെയും സ്തുതിധ്വനിയിൽ പങ്കുചേർന്ന് ആഹ്ലാദിക്കാം.

**ഹല്ലേലുയ്യാ! ക്രിസ്തു ഉയിർത്തിരിക്കുന്നു.**

കർത്താവു നിങ്ങളോടുകൂടെ ഇരിക്കട്ടെ.

**നിങ്ങളോടു കൂടെയും.**

നിങ്ങളുടെ ഹൃദയങ്ങളെ ഉയർത്തുവിൻ.

**ഞങ്ങൾ അവയെ കർത്താവിങ്കലേക്ക് ഉയർത്തുന്നു.**

നമ്മുടെ ദൈവമായ കർത്താവിനു നമുക്കു സ്തോത്രം ചെയ്യാം.

**അങ്ങനെ ചെയ്യുന്നതു യുക്തവും ന്യായവും ആകുന്നു.**

അദൃശ്യനായ ദൈവമേ, സർവ്വശക്തനായ പിതാവേ, ആദാമ്യപാപത്തിന് പരിഹാരം ചെയ്തു തന്റെ മരണത്താൽ ഞങ്ങളെ വീണ്ടെടുത്തിരിക്കുന്ന ഏകജാതനായ പുത്രാ, ഞങ്ങളുടെ കർത്താവായ യേശുമശിഹായേ, പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശബ്ദത്തോടും ഞങ്ങൾ നിന്നെ സ്തുതിക്കുന്നതു യുക്തവും ന്യായവും ഞങ്ങൾ ചെയ്യേണ്ട മുറയും ആകുന്നുവല്ലോ.

ദൈവത്തിന്റെ കുഞ്ഞാടിന്റെ രക്തത്താൽ എല്ലാ വിശ്വാസികളുടെയും ഭവനങ്ങൾ വിശുദ്ധീകരിക്കുകയും പരിരക്ഷിക്കുകയും ചെയ്ത പെസഹ ഇന്നാകുന്നു. നീ പിതാക്കന്മാരെ രക്ഷിച്ചു, അടിമത്തത്തിൽനിന്നും വിടുവിച്ചു, സമുദ്രത്തെ വിഭാഗിച്ച് ഉണങ്ങിയ നിലത്തുകൂടി അവരെ നടത്തിയതും ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു.

**ദൈവമേ, ഞങ്ങൾ നിന്നെ ആരാധിക്കുന്നു.**

യേശുക്രിസ്തു പാതാളത്തെ അതിജീവിച്ചു കല്ലറയിൽ നിന്നും ശക്തിയോടെ ഉയിർത്തതും അവനിൽ വിശ്വസിക്കുന്ന എല്ലാവരും പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു കൃപയിലും വിശുദ്ധിയിലും പുനഃസ്ഥാപിക്കപ്പെട്ടതും തിന്മ പരാജയപ്പെട്ടതും പാപങ്ങൾ കഴുകപ്പെട്ടതും, നഷ്ടമായ നിരപരാധിത്വം വീണ്ടെടുക്കപ്പെട്ടതും, വിലാപം ആനന്ദഘോഷമായതും ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു.

**ദൈവമേ, ഞങ്ങൾ നിന്നെ ആരാധിക്കുന്നു.**

അതുകൊണ്ടു സ്വർഗീയ പിതാവേ, ഈ ആഘോഷത്തിൽ തിരുസഭയുടെ ഭയഭക്തിപൂർവ്വമായ സ്തുതിയാഗങ്ങൾ സ്വീകരിച്ച് ഈ ഉയിർപ്പുനാൾ ഞങ്ങളുടെ അന്ധകാരത്തെ പ്രകാശമാക്കേണമേ, എന്തെന്നാൽ ഇനിയൊരിക്കലും അസ്തമിക്കാത്ത, ഉയർത്തെഴുന്നേററ ഉദയനക്ഷത്രമായ ക്രിസ്തു ഇന്നും എന്നേക്കും ജീവിച്ചു വാഴുന്നുവല്ലോ. ആമേൻ.



## നമ്മുടെ കർത്താവു പറഞ്ഞപ്രകാരം ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും ചുരുക്കം

നമ്മുടെ കർത്താവായ യേശുക്രിസ്തു അരുളിച്ചെയ്തത്: യിസ്രായേലേ കേൾക്ക, നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവാകുന്നു. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കേണ്ടതാകുന്നു. ഇതാകുന്നു ഒന്നാമത്തെ കൽപ്പന. രണ്ടാമത്തേത് അതിനോടു സമം: അതായതു നിന്റെ കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം. ഇവയിൽ വലുതായി വേറൊരു കൽപ്പനയും ഇല്ല. ഈ രണ്ടു കൽപ്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു.

**കർത്താവേ, ഞങ്ങളോടു കരുണയുണ്ടായി ഈ കൽപ്പനയെ കാപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.**

*(അനന്തരം പ്രെസ്ബിറ്റർ പറയേണ്ടത്:)*

പ്രിയരേ, ദൈവത്തിന്റെ ഏറ്റവും പരിശുദ്ധവചനം കേൾപ്പാനും കർത്താവിന്റെ ശരീരരക്തങ്ങളെ കൈക്കൊൾവാനും നാം ഒരുമിച്ചു വന്നിരിക്കുന്നു. അതിനാൽ നമുക്കു മുട്ടുകുത്തി മൗനമായി നമ്മെത്തന്നെ ശോധനചെയ്ത് വിശ്വാസത്തോടും അനുതാപത്തോടും അവങ്കലേക്കു സമീപിക്കുന്നതിനു ദൈവകൃപ അന്വേഷിക്കാം.

*(എല്ലാവരും മുട്ടുകുത്തണം. അൽപ്പനേരം മൗനമായിരുന്നശേഷം പ്രെസ് ബിറ്റർ നിന്നുകൊണ്ടു പറയേണ്ടത്:)*

നിങ്ങളുടെ പാപങ്ങളെക്കുറിച്ചു നേരായും താത്പര്യമായും മാനസാന്തരപ്പെട്ട്, നിങ്ങളുടെ കൂട്ടുകാരോടു പ്രിയവും സ്നേഹവുമായിരുന്ന് ദൈവത്തിന്റെ കൽപ്പനകളെ അനുസരിച്ചുകൊണ്ടും, മേലാൽ അവന്റെ വിശുദ്ധവഴികളിൽകൂടെ നടന്നുകൊണ്ടും, പുതിയ ജീവിതം നയിക്കുവാൻ നിശ്ചയിച്ചി

രിക്കുന്ന നിങ്ങൾ, നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം അവനോടു പുതുതായി നിരപ്പാക്കപ്പെടേണ്ടതിനു സർവ്വശക്തനായ ദൈവത്തോടു താഴ്മയായി നിങ്ങളുടെ പാപങ്ങളെ ഏറ്റു പറയുവിൻ.

*(മുട്ടുകുത്തിക്കൊണ്ട് എല്ലാവരുംകൂടെ ശുശ്രൂഷകന്റെ പിന്നാലെ ചൊല്ലേണ്ടത്:)*

**സ്വർഗസ്ഥ പിതാവേ, ഞങ്ങൾ നിനക്കും ഞങ്ങളുടെ അയൽക്കാർക്കും വിരോധമായി പാപം ചെയ്തിരിക്കുന്നു എന്ന് ഏറ്റുപറയുന്നു; ഞങ്ങൾ പ്രകാശത്തിലല്ല, ഇരുട്ടിലത്രെ നടന്നിരിക്കുന്നത്. ഞങ്ങൾ കർത്താവിന്റെ നാമം ഉച്ചരിക്കുന്നെങ്കിലും ഞങ്ങൾ അനീതി വിട്ടകന്നിട്ടില്ല. ഞങ്ങളോടു കരുണയുണ്ടാകേണമേ. യേശുക്രിസ്തു നിമിത്തം ഞങ്ങളുടെ സകല പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണമേ. നിന്റെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ വെടിപ്പാക്കേണമേ. ഞങ്ങളുടെ മനസ്സാക്ഷികളെ ഉണർത്തേണമേ. മറ്റുള്ളവരോടു ഹൃദയപൂർവ്വം ക്ഷമിപ്പാൻ തക്ക പ്രാപ്തി ഞങ്ങൾക്കു നൽകേണമേ. നിന്റെ നാമത്തിന്റെ മഹത്വത്തിനായി ജീവന്റെ പുതുക്കത്തിൽ മേലാൽ നിന്നെ സേവിപ്പാൻ ഞങ്ങൾക്കു കൃപ നൽകേണമെന്നു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ.**

*(അല്ലെങ്കിൽ പ്രെസ്ബിറ്റർ വേറെ ഏതെങ്കിലും ഏറ്റുപറച്ചിൽക്രമം ഉപയോഗിക്കാം.)*

*(അനന്തരം പ്രെസ്ബിറ്റർ എഴുന്നേറ്റുനിന്നു പറയേണ്ടത്:)*

സത്യമായി ക്രിസ്തുവിൽകൂടെ തങ്കലേക്കു തിരിയുന്ന എല്ലാവരോടുമുള്ള ദൈവത്തിന്റെ കൃപാമൊഴി കേൾപ്പിൻ:

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. (മത്താ. 11:28)



തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻതക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹ. 3:16)

ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനംതന്നെ. (1തിമൊ. 1:15)

ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു. (1യോഹ. 2:1, 2)

*(അൽപ്പസമയം മൗനമായിരുന്നശേഷം പ്രെസ്ബിറ്റർ പറയേണ്ടത്:)*

മനഃപൂർവ്വമായ മാനസാന്തരത്തോടും സത്യവിശ്വാസത്തോടും തങ്കലേക്കു തിരികയും തങ്ങളുടെ സഹോദരരോടു ക്ഷമിക്കയും ചെയ്യുന്ന എല്ലാവർക്കും പാപമോചനം നൽകുമെന്നു തന്റെ മഹാകരുണയാൽ വാഗ്ദത്തം ചെയ്തിരിക്കുന്ന സ്വർഗസ്ഥപിതാവായ സർവ്വശക്തിയുള്ള ദൈവം, നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നിങ്ങളോടു കരുണയുണ്ടായി, നിങ്ങളുടെ സകല പാപങ്ങളെയും ക്ഷമിച്ച്, അവയിൽനിന്നു നിങ്ങളെ വിടുവിച്ച്, സകല നന്മയിലും ഉറപ്പിച്ചു ബലപ്പെടുത്തി, നിങ്ങളെ നിത്യജീവങ്കലേക്കു പ്രവേശിപ്പിക്കട്ടെ.

**ആമേൻ, ദൈവമേ, നിനക്കു സ്തോത്രം.**

**പ്രത്യേക പ്രാർത്ഥന**

**തിരുവചന ശുശ്രൂഷ**

**പഴയനിയമം**

**സങ്കീർത്തനം**

**ലേഖനം**

**സുവിശേഷം**

**പാട്ട്**

**പ്രസംഗം**

**നിഖ്യാവിശ്വാസപ്രമാണം** *(പേജ് 60)*

**അറിയിപ്പുകൾ**

**മദ്ധ്യസ്ഥപ്രാർത്ഥന**

*(ഓരോ അപേക്ഷയുടെയും പിന്നാലെ **"കർത്താവേ, കൃപയുണ്ടായി ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ"** എന്നു പ്രതിവാക്യം പറയണം.)*

മാനവികതയുടെ അന്തസ്സ് അതിശയകരമായി സൃഷ്ടിക്കുകയും മഹാതിശയമായി അതു വീണ്ടെടുക്കുകയും ചെയ്ത ദൈവമേ, ഞങ്ങളുടെ മാനവികതയിൽ പങ്കുചേരുവാൻ തന്നത്താൻ ഒഴിച്ച ദൈവപുത്രന്റെ ദിവ്യജീവിതത്തിൽ പങ്കാളികളാകുവാൻ ഞങ്ങൾക്കും വരം നൽകേണമേ

**കർത്താവേ, കൃപയുണ്ടായി ...........**

സകല ജീവികളുമായി ചെയ്ത ഉടമ്പടിയുടെ അടയാളം ആകാശത്തിൽ സ്ഥാപിച്ച സർവശക്തനായ ദൈവമേ, വെള്ളത്തിനാലും ആത്മാവിനാലും രക്ഷിക്കപ്പെട്ടിരിക്കുന്ന ഞങ്ങൾ നിനക്കു സ്തോത്രയാഗങ്ങൾ അർപ്പിക്കുവാൻ യോഗ്യരായിത്തീരേണമേ

**കർത്താവേ, കൃപയുണ്ടായി ...........**

സകല വിശ്വാസികളുടെയും പിതാവും നടത്തിപ്പുകാരനുമായ ദൈവമേ, നിന്റെ നാമമഹത്വത്തിനായി പെസഹാസക്രമെന്തിലൂടെ നിന്റെ ജനങ്ങളെ വർദ്ധിപ്പിച്ച്, ഞങ്ങളുടെ പിതാവായ അബ്രഹാമിനോടു ചെയ്ത വാഗ്ദത്തം നിവൃത്തിയായിക്കണ്ട് ആനന്ദിക്കുവാൻ സഭയ്ക്കു കൃപ ചെയ്യേണമേ

**കർത്താവേ, കൃപയുണ്ടായി ...........**

ദൈവമേ, പുരാതനകാലം മുതലുള്ള നിന്റെ അത്ഭുതപ്രവൃത്തികൾ ഇന്നും അഭംഗുരം തുടരുന്നു. നിന്റെ ഭുജബലത്താൽ



നിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയെ ഫറവോന്റെ അടിമത്തത്തിൽനിന്നും വിടുവിച്ചത് സകല ജാതികൾക്കും ബപ്തീസ്മയിലൂടെ ലഭിക്കുന്ന രക്ഷയുടെ അടയാളമാകുന്നുവല്ലോ. ഭൂമിയിലുള്ള സകല മനുഷ്യരും അബ്രഹാമിന്റെ സന്തതിയായി എണ്ണപ്പെടുവാനും ഇസ്രായേലിന്റെ അവകാശത്തിൽ ആനന്ദിക്കുവാനും സഹായിക്കേണമേ

**കർത്താവേ, കൃപയുണ്ടായി ...........**

പകൽ മേഘസ്തംഭമായും രാത്രി അഗ്നിസ്തംഭമായും നിന്റെ ജനത്തെ നടത്തിയ ദൈവമേ, ഇപ്പോൾ ഭൂമിയിൽ നിന്നെ ആരാധിക്കുന്ന ഞങ്ങളെ, കണ്ണുനീരെല്ലാം തുടയ്ക്കപ്പെടുകയും വിശുദ്ധന്മാർ നിത്യവും നിന്നെ സ്തുതിക്കുകയും ചെയ്യുന്ന സ്വർഗീയാനന്ദത്തിലേക്കു യോഗ്യരാക്കിത്തീർക്കേണമേ

**കർത്താവേ, കൃപയുണ്ടായി ...........**

വചനത്തിന്റെ ശക്തിയാൽ എല്ലാം സൃഷ്ടിക്കുകയും ആത്മാവിനാൽ ലോകത്തെ പുതുക്കുകയും ചെയ്യുന്ന ദൈവമേ, നിന്റെ മഹത്വരാജ്യത്തിൽ അനവധി ഫലങ്ങൾ പുറപ്പെടുവിക്കുവാൻ നിനക്കുവേണ്ടി ദാഹിക്കുന്നവരെ ജീവജലത്താൽ സംതൃപ്തരാക്കേണമേ

**കർത്താവേ, കൃപയുണ്ടായി ...........**

പെസഹായുടെ മർമ്മത്താൽ നിരപ്പിന്റെ പുതിയ ഉടമ്പടി സ്ഥാപിച്ച സർവശക്തനും നിത്യനുമായ കർത്താവേ, ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയിലേക്കു പുതുജനനം പ്രാപിച്ചിരിക്കുന്നവർ വിശ്വാസത്തിൽ ഏറ്റുപറയുന്നതു ജീവിതത്തിൽ തെളിയിച്ചുകാണിക്കുവാൻ ശക്തീകരിക്കേണമേ

**കർത്താവേ, കൃപയുണ്ടായി ...........**

സർവശക്തനായ ദൈവമേ, നിന്റെ പുത്രന്റെ പെസഹായാൽ നീ ഞങ്ങളെ പാപത്തിൽനിന്നു നീതിയിലേക്കും മരണ

ത്തിൽനിന്നു ജീവനിലേക്കും കൊണ്ടുവന്നിരിക്കുന്നു. നിന്റെ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടിരിക്കുന്നവരെ സർവ്വ ലോകത്തോടും നിന്നെ ഘോഷിക്കുവാൻ മനസ്സും ശക്തിയും ഉള്ളവരാക്കിത്തീർക്കേണമേ

**കർത്താവേ, കൃപയുണ്ടായി ...........**

അചഞ്ചലമായ അധികാരമുള്ളവനും നിത്യപ്രകാശവുമായ ദൈവമേ, അതിശയകരവും പരിശുദ്ധവുമായ മർമ്മമാകുന്ന നിന്റെ സഭയെ കരുണയോടെ കടാക്ഷിക്കേണമേ. നിന്റെ ദിവ്യപരിപാലനത്തിന്റെ ഫലകരമായ നിവൃത്തിയിൽ രക്ഷാപദ്ധതി ശാന്തമായി മുന്നേറണമേ. ഉപേക്ഷിക്കപ്പെട്ടത് ഉയർത്തപ്പെടുന്നതും, പഴയത് പുതുതാക്കപ്പെടുന്നതും, നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിലൂടെ എല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും അവനിലൂടെ എല്ലാ സൃഷ്ടിയും പൂർണ്ണതയിലേക്കു ചേർക്കപ്പെടുന്നുവെന്നും ലോകം കാണുവാനും അറിയുവാനും ഇടയാക്കേണമേ, **ആമേൻ.**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കട്ടെ, **ആമേൻ.**

*(വിശുദ്ധസംസർഗം ആചരിക്കുന്നുവെങ്കിൽ അപ്പംനുറുക്കൽ ശുശ്രൂഷയോടുകൂടെ ആരാധന പൂർത്തീകരിക്കാവുന്നതാണ്.)*

---



## *അനുബന്ധം*

### ത്രിത്വത്തിനു സ്തുതി

*പട്ടക്കാരൻ:* സൈന്യങ്ങളുടെ ദൈവമായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ആകാശവും ഭൂമിയും നിന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു. മഹോന്നതനായ കർത്താവേ, നിനക്കു മഹത്വം ഉണ്ടാകട്ടെ.

*ജനങ്ങൾ:* **കർത്താവിന്റെ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. ഉന്നതങ്ങളിൽ സ്തുതി.**

*പട്ടക്കാരൻ:* ദൈവമേ, നീ പരിശുദ്ധനാകുന്നു.

*ജനങ്ങൾ:* **ദൈവമേ, നീ പരിശുദ്ധനാകുന്നു.**

*പട്ടക്കാരൻ:* സർവ്വശക്തനേ, നീ പരിശുദ്ധനാകുന്നു.

*ജനങ്ങൾ:* **സർവ്വശക്തനേ, നീ പരിശുദ്ധനാകുന്നു.**

*പട്ടക്കാരൻ:* മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

*ജനങ്ങൾ:* **മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.**

*പട്ടക്കാരൻ:* ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട ഞങ്ങളുടെ വീണ്ടെടുപ്പുകാരനായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

*ജനങ്ങൾ:* **ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട ഞങ്ങളുടെ വീണ്ടെടുപ്പുകാരനായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമേ.**

***പട്ടക്കാരൻ:*** പരിശുദ്ധാത്മാവായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

***ജനങ്ങൾ:*** **പരിശുദ്ധാത്മാവായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമേ.**

***പട്ടക്കാരൻ:*** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനകളും സ്തോത്രങ്ങളും കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യേണമേ.

***ജനങ്ങൾ:*** **കർത്താവേ, കൃപ തോന്നി ഞങ്ങളോടു കരുണ ചെയ്യേണമേ.**



## പത്തു കൽപനകൾ

*(ഓരോ കൽപ്പനയുടെയും പിന്നാലെ **"കർത്താവേ, ഞങ്ങളോടു കരുണയുണ്ടായി ഈ കൽപ്പനയെ കാപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ"** എന്നു പ്രതിവാക്യം പറയണം.)*

(1) ദൈവം ഈ വചനങ്ങളൊക്കെയും അരുളിച്ചെയ്തു: ഞാൻ നിന്റെ ദൈവമാകുന്നു; ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്.

***ജനങ്ങൾ:*** **കർത്താവേ,...............**

(2) ഒരു വിഗ്രഹം ഉണ്ടാക്കരുതു; മീതെ സ്വർഗത്തിലെങ്കിലും താഴെ ഭൂമിയിലെങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുതു. അവയെ നമസ്കരിക്കുകയോ സേവിക്കുകയോ അരുത്.

***ജനങ്ങൾ:*** **കർത്താവേ,...............**

(3) നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്.

***ജനങ്ങൾ:*** **കർത്താവേ,...............**

(4) ശബത്ത്നാളിനെ ശുദ്ധീകരിക്കാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ചു വേല ഒക്കെയും ചെയ്യുക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു.

***ജനങ്ങൾ:*** **കർത്താവേ,...............**

(5) നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക.

***ജനങ്ങൾ:*** **കർത്താവേ,...............**

(6) നീ കൊല ചെയ്യരുത്.

***ജനങ്ങൾ:*** **കർത്താവേ,...............**

(7) നീ വ്യഭിചാരം ചെയ്യരുത്.

***ജനങ്ങൾ:*** **കർത്താവേ,...............**

(8) നീ മോഷ്ടിക്കരുത്.

***ജനങ്ങൾ:*** **കർത്താവേ,..............**

(9) നീ കള്ളസ്സാക്ഷ്യം പറയരുത്.

***ജനങ്ങൾ:*** **കർത്താവേ,..............**

(10) നീ മോഹിക്കരുത്.

***ജനങ്ങൾ:*** **കർത്താവേ, ഞങ്ങളോടു കരുണയുണ്ടായി നിന്റെ ഈ കൽപ്പനകളെ ഒക്കെയും ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതണമെന്നു ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.**

### അപ്പൊസ്തല വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി, ആകാശവും ഭൂമിയും സൃഷ്ടിച്ചവനായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

അവന്റെ ഏകപുത്രനായ, നമ്മുടെ കർത്താവായ യേശു മശിഹായിലും ഞാൻ വിശ്വസിക്കുന്നു; ഇവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽ ഉത്പാദിപ്പിക്കപ്പെട്ടു, ജനിച്ചു, പൊന്തിയോസ് പീലാത്തോസിന്റെ കീഴിൽ കഷ്ടപ്പെട്ടു, ക്രൂശിക്കപ്പെട്ടു: മരിച്ചു, അടക്കപ്പെട്ടു; അവൻ പാതാളത്തിലേക്ക് ഇറങ്ങി; മൂന്നാം ദിവസം മരിച്ചവരിൽനിന്നു പിന്നെയും ഉയിർത്തെഴുന്നേററു, സ്വർഗത്തിലേക്കു കയറി, സർവ്വശക്തിയുള്ള പിതാവായ ദൈവത്തിൻെറ വലത്തുഭാഗത്ത് ഇരിക്കുന്നു; അവിടെനിന്ന് അവൻ ജീവനുള്ളവരെയും മരിച്ചവരെയും ന്യായംവിധിക്കുവാൻ വരികയും ചെയ്യും.

പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു; വിശുദ്ധ കാതോലിക സഭയിലും; വിശുദ്ധന്മാരുടെ സംസർഗത്തിലും; പാപമോചനത്തിലും; ശരീരത്തിന്റെ പുനരുത്ഥാനത്തിലും; നിത്യജീവനിലും ഞാൻ വിശ്വസിക്കുന്നു, ആമേൻ.



### നിഖ്യാവിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി, ആകാശത്തെയും ഭൂമിയെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായുള്ള സകലത്തെയും സൃഷ്ടിച്ചവനായ ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകജാതനായ പുത്രനായി, ഏകകർത്താവായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. അവൻ സർവ്വലോകങ്ങൾക്കും മുമ്പെ തന്റെ പിതാവിൽനിന്നു ജനിക്കപ്പെട്ടവൻ ദൈവത്തിൽനിന്നു ദൈവം, പ്രകാശത്തിൽനിന്നു പ്രകാശം, സത്യദൈവത്തിൽനിന്നു സത്യദൈവം, ജനിപ്പിക്കപ്പെട്ടവൻ, ഉണ്ടാക്കപ്പെട്ടവനല്ല, പിതാവിനോട് ഏകതത്വമുള്ളവൻ, അവനാൽ സകലവും ഉണ്ടായി, അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗത്തിൽനിന്ന് ഇറങ്ങി, പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽനിന്ന് അവതരിച്ചു, മനുഷ്യനായിത്തീർന്നു. പൊന്തിയോസ് പീലാത്തോസിന്റെ കീഴിൽ നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടു. അവൻ കഷ്ടപ്പെട്ടു, മരിച്ചു, അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻപ്രകാരം മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റു, സ്വർഗത്തിലേക്കു കയറി, പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. അവൻ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ മഹത്വത്തോടെ വീണ്ടും വരും, അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല.

കർത്താവും ജീവിപ്പിക്കുന്നവനും, പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു മഹത്വപ്പെടുന്നവനും, പ്രവാചകരെക്കൊണ്ടു പറയിച്ചവനുമായ പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. കാതോലികവും അപ്പൊസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞാൻ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏക ബപ്തീസ്മയെ ഞാൻ അനുസരിക്കുന്നു. മരിച്ചവരുടെ പുനരുത്ഥാനത്തിലും വരുവാനുള്ള ലോകത്തിലെ ജീവനും ഞാൻ കാത്തിരിക്കുന്നു. ആമേൻ.

## ലിത്താനി

സ്വർഗസ്ഥപിതാവായ ദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.

**സ്വർഗസ്ഥപിതാവായ ദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.**

ലോകരക്ഷകനായ പുത്രനാം ദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.

**ലോകരക്ഷകനായ പുത്രനാം ദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.**

പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവാം ദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.

**പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവാം ദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.**

പരിശുദ്ധതയും പുകഴ്ചയും മഹത്വവുമുള്ള ത്രിത്വമേ, മൂവരായ ഏകദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.

**പരിശുദ്ധതയും പുകഴ്ചയും മഹത്വവുമുള്ള ത്രിത്വമേ, മൂവരായ ഏകദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.**

കർത്താവെ, ഞങ്ങളുടെ കുറ്റങ്ങളെ എങ്കിലും ഞങ്ങളുടെ പിതാക്കന്മാരുടെ കുറ്റങ്ങളെ എങ്കിലും ഓർക്കരുത്; ഞങ്ങളുടെ പാപങ്ങൾക്കു പ്രതികാരം ചെയ്കയും അരുതേ; കൃപയുള്ള കർത്താവേ, ഞങ്ങളോടു കനിവുണ്ടാകണമേ. ഏറ്റവും വിലയേറിയ നിന്റെ രക്തംകൊണ്ടു നീ വീണ്ടെടുത്തിരിക്കുന്നവരായി നിന്റെ ജനങ്ങളായ ഞങ്ങളോടു കനിവുണ്ടായി എന്നേക്കും കോപിക്കയും അരുതേ.

**കൃപയുള്ള കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ**



സകല ദോഷത്തിൽനിന്നും ഉപദ്രവത്തിൽനിന്നും പാപത്തിൽനിന്നും പിശാചിന്റെ കൗശലങ്ങളിലും ആക്രമണങ്ങളിലുംനിന്നും നിന്റെ ക്രോധത്തിൽനിന്നും നിത്യശിക്ഷയിൽനിന്നും,

**കൃപയുള്ള കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.**

ഹൃദയത്തിന്റെ സകല അന്ധതയിൽനിന്നും അഹങ്കാരത്തിൽനിന്നും വൃഥാഭിമാനത്തിൽനിന്നും കപടഭക്തിയിൽനിന്നും അസൂയയിൽനിന്നും പകയിൽനിന്നും ഈർഷ്യയിൽനിന്നും സകലവിധ സ്നേഹമില്ലായ്മയിൽനിന്നും,

**കൃപയുള്ള കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.**

ദുർന്നടപ്പിൽനിന്നും മറ്റു മരണകരമായ സകലപാപത്തിൽനിന്നും, ലോകത്തിന്റെയും ജഡത്തിന്റെയും പിശാചിന്റെയും സകല വഞ്ചനകളിൽനിന്നും,

**കൃപയുള്ള കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.**

ഇടിത്തീയിൽനിന്നും കൊടുങ്കാറ്റിൽനിന്നും പകർച്ചവ്യാധിയിൽനിന്നും വസന്തയിൽനിന്നും ക്ഷാമത്തിൽനിന്നും യുദ്ധത്തിൽനിന്നും കൊലയിൽനിന്നും പെട്ടെന്നുള്ള മരണത്തിൽനിന്നും,

**കൃപയുള്ള കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.**

സകല കലഹത്തിൽനിന്നും രഹസ്യമായുള്ള കൂട്ടുകെട്ടിൽനിന്നും മത്സരങ്ങളിൽനിന്നും സകല വ്യാജോപദേശത്തിൽനിന്നും വേദവിപരീതത്തിൽനിന്നും ഹൃദയകാഠിന്യത്തിൽനിന്നും നിന്റെ വചനത്തോടും കൽപനയോടുമുള്ള നിന്ദയിൽ നിന്നും,

**കൃപയുള്ള കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.**

നിന്റെ വിശുദ്ധാവതാരമർമ്മംകൊണ്ടും നിന്റെ വിശുദ്ധ ജനനംകൊണ്ടും പരിച്ഛേദനകൊണ്ടും നിന്റെ ബപ്തീസ്മകൊണ്ടും ഉപവാസംകൊണ്ടും പരീക്ഷകൊണ്ടും,

**കൃപയുള്ള കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.**

നിന്റെ പ്രാണവേദനകൊണ്ടും രക്തവിയർപ്പുകൊണ്ടും കുരിശുകൊണ്ടും കഷ്ടപ്പാടുകൊണ്ടും വിലയേറിയ മരണംകൊണ്ടും നിന്റെ മഹത്വമുള്ള ഉയിർത്തെഴുന്നേൽപ്പുകൊണ്ടും

സ്വർഗാരോഹണംകൊണ്ടും പരിശുദ്ധാത്മാവിന്റെ ആവാസം കൊണ്ടും

**കൃപയുള്ള കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.**

ഞങ്ങളുടെ അനർത്ഥകാലത്തിൽ ഒക്കെയും ഐശ്വര്യകാലത്തിൽ ഒക്കെയും മരണസമയത്തിലും വിധിനാളിലും,

**കൃപയുള്ള കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.**

ദൈവമായ കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമെന്നു പാപികളായ ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ലോകത്തിലെങ്ങുമുള്ള നിന്റെ വിശുദ്ധസഭയെ നേർവഴിയിൽ ഭരിച്ചു നടത്തുവാൻ നിനക്ക് ഇഷ്ടമുണ്ടാകണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

നിന്റെ വചനത്തിന്റെ സത്യം അറിവും ബോധവും കൊണ്ടും സകല എപ്പിസ്കോപ്പാമാരെയും പ്രെസ്ബിറ്റന്മാരെയും ദിയാക്കോന്മാരെയും പ്രകാശിപ്പിപ്പാനും, അപ്രകാരം അവർ തങ്ങളുടെ പ്രസംഗംകൊണ്ടും നടപ്പുകൊണ്ടും അതിനെ തെളിയിച്ചുകാട്ടുവാനും നിനക്ക് ഇഷ്ടമുണ്ടാകേണമെ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

ലോകമെങ്ങുമുള്ള നിന്റെ സഭയുടെ വേലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും നിന്റെ കൊയ്ത്തിലേക്കു പ്രവർത്തകരെ അയയ്ക്കുന്നതിനും നിനക്ക് ഇഷ്ടമുണ്ടാകണമേ,

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേ ണമേ.**

ഈ രാജ്യത്തെ ഭരണാധികാരികളെ അനുഗ്രഹിച്ചു നിന്റെ സ്വർഗ്ഗീയ ജ്ഞാനംകൊണ്ടും അവരെ നടത്തുവാൻ നിനക്കിഷ്ടമുണ്ടാകേണമേ,

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

ഈ രാജ്യത്തെ നിയമസമിതികളുടെ എല്ലാ വേലയും നടത്തി നിന്റെ ജനങ്ങളുടെ ക്ഷേമത്തിനും നിന്റെ സഭയുടെ നന്മയ്ക്കുമായി അഭിവൃദ്ധിപ്പെടുത്തുവാൻ നിനക്കിഷ്ടമുണ്ടാകേണമേ,

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

സത്യം പാലിപ്പാനും ന്യായം നടത്തുവാനും ഈ രാജ്യത്തുള്ള എല്ലാ ന്യായാധിപന്മാർക്കും കൃപ നൽകി അവരെ ഭരിച്ചു നടത്തുവാൻ നിനക്കിഷ്ടമുണ്ടാകണമേ,



**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

ഈ രാജ്യത്ത് അധികാരം വഹിക്കുന്ന ഏവർക്കും ജ്ഞാനവും വിവേകവും ഏകാഗ്രഹൃദയവും നൽകുവാൻ നിനക്കിഷ്ടമുണ്ടാകേണമേ,

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

നിന്റെ സകല ജനങ്ങളെയും അനുഗ്രഹിച്ചു കാപ്പാൻ നിനക്കിഷ്ടമുണ്ടാകേണമേ,

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

സകല രാജ്യങ്ങൾക്കും ഒരുമയും സമാധാനവും ഐകമത്യവും നൽകുവാൻ നിനക്ക് ഇഷ്ടമുണ്ടാകേണമേ,

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

നിന്നെ സ്നേഹിച്ചു, ഭയപ്പെട്ടു നിന്റെ കല്പനകളിൽ പ്രകാരം ഉത്സാഹത്തോടെ നടപ്പാനുള്ള ഹൃദയത്തെ ഞങ്ങൾക്കു തരുവാൻ നിനക്ക് ഇഷ്ടമുണ്ടാകേണമെ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

നിന്റെ വചനത്തെ സൗമ്യതയോടെ കേൾക്കുവാനും അതിനെ നല്ല പ്രിയത്തോടെ കൈക്കൊൾവാനും ആത്മാവിന്റെ ഫലങ്ങളെ തരുവാനും നിന്റെ സകലജനങ്ങൾക്കും കൃപ വർദ്ധിപ്പിപ്പാൻ നിനക്ക് ഇഷ്ടമുണ്ടാകേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

തെറ്റിയവരെയും വഞ്ചിക്കപ്പെട്ടവരെയും എല്ലാം സത്യവഴിയിലേക്കു തിരിച്ചു വരുത്തുവാൻ നിനക്ക് ഇഷ്ടമുണ്ടാകേണമെ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

നിൽക്കുന്നരെ ബലപ്പെടുത്തുവാനും മനസ്സുറപ്പില്ലാത്തവരെ സഹായിച്ച് ആശ്വസിപ്പിപ്പാനും വീഴുന്നവരെ എഴുന്നേൽപിപ്പാനും ഒടുക്കം സാത്താനെ ഞങ്ങളുടെ പാദങ്ങൾക്കു കീഴിൽ ചതച്ചുകളവാനും നിനക്ക് ഇഷ്ടമുണ്ടാകേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

ആപത്തിലും ആവശ്യത്തിലും അനർത്ഥത്തിലും ഇരിക്കുന്ന എല്ലാവർക്കും തുണയും സഹായവും ആശ്വാസവും നൽകുവാൻ നിനക്ക് ഇഷ്ടമുണ്ടാകേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

കരയിൽക്കൂടിയോ വായുവിൽക്കൂയോ വെള്ളത്തിൽക്കൂടിയോ സഞ്ചരിക്കുന്ന എല്ലാവരെയും, പ്രസവവേദനപ്പെടുന്ന സ്ത്രീകളെ ഒക്കെയും, സകല രോഗികളെയും ചെറുപൈതങ്ങളെയും കാത്തുരക്ഷിപ്പാനും എല്ലാ തടവുകാരോടും ബദ്ധന്മാരോടും കരുണ ചെയ്‌വാനും നിനക്ക് ഇഷ്ടമുണ്ടാകേണമെ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

പിതാവില്ലാത്ത പൈതങ്ങളെയും വിധവമാരെയും നിരാധാരക്കാരെയും പീഡിതരെയും എല്ലാം കാത്തുപരിപാലിപ്പാൻ നിനക്ക് ഇഷ്ടമുണ്ടാകേണമെ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

സകല ജനങ്ങളോടും കരുണയുണ്ടാകുവാൻ നിനക്ക് ഇഷ്ടമുണ്ടാകേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

ഞങ്ങളുടെ ശത്രുക്കളോടും ഉപദ്രവക്കാരോടും ഭൂഷണക്കാരോടും ക്ഷമിച്ച്, അവരുടെ ഹൃദയങ്ങളെ തിരിക്കുവാൻ നിനക്ക് ഇഷ്ടമുണ്ടാകേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

ഭൂമിയിലുള്ള വിവിധ ഫലങ്ങളെ അതതുസമയത്തു ഞങ്ങൾക്ക് അനുഭവിപ്പാൻ തക്കവണ്ണം ഞങ്ങളുടെ ഉപകാരത്തിനായിട്ടു തരുവാനും സൂക്ഷിപ്പാനും നിനക്ക് ഇഷ്ടമുണ്ടാകേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

ഞങ്ങൾക്കു സത്യമാനസാന്തരം തരുവാനും ഞങ്ങളുടെ പാപങ്ങളും ഉപേക്ഷകളും അറിയായ്മകളും എല്ലാം ക്ഷമിപ്പാനും നിന്റെ വിശുദ്ധവചനപ്രകാരം ഞങ്ങളുടെ നടപ്പുകളെ നന്നാക്കുവാനായി നിന്റെ പരിശുദ്ധാത്മാവിന്റെ കൃപകൊണ്ടു ഞങ്ങളെ ധരിപ്പിപ്പാനും നിനക്ക് ഇഷ്ടമുണ്ടാകേണമേ.

**കൃപയുള്ള കർത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

ദൈവത്തിന്റെ പുത്രാ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

**ദൈവത്തിന്റെ പുത്രാ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**



ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ

**നിന്റെ സമാധാനം ഞങ്ങൾക്കു തരേണമേ.**

ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ!

**ഞങ്ങളോടു കരുണയുണ്ടാകേണമേ.**

മശിഹായേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

**മശിഹായേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

**കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.**

മശിഹായേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

**മശിഹായേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.**

കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

**കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.**

## കർത്താവിന്റെ പ്രാർത്ഥന

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ; ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽനിന്നും ഞങ്ങളെ വിടുവിക്കേണമേ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ. ആമേൻ.

---

cms press, kottayam - Ph:0481-2567278